അധ്യായം

3

# സാമൂഹ്യ പ്രവർത്തനത്തിന്റെ മേഖലകൾ

I4R3H7

**പ്രധാന ആശയങ്ങൾ**

3 : 1 ആരോഗ്യ സാമൂഹ്യ പ്രവർത്തനം
3 : 2 സ്കൂൾ, വ്യവസായം, തിരുത്തൽ കേന്ദ്രങ്ങൾ എന്നിവടങ്ങളിലെ സാമൂഹ്യ പ്രവർത്തനം
3 : 3 സാമൂഹ്യപ്രവർത്തനം കുടുംബങ്ങളിലും കുട്ടികളിലും
3 : 4 ദുരന്ത നിവാരണത്തിലെ സാമൂഹ്യ പ്രവർത്തനവും പാരിസ്ഥിതിക സാമൂഹ്യ പ്രവർത്തനവും
3 : 5 വയോജന സാമൂഹ്യ പ്രവർത്തനം
3 : 6 ഭിന്നശേഷിക്കാർക്കൊപ്പമുള്ള സാമൂഹ്യ പ്രവർത്തനം.
3 : 7 എച്.ഐ.വി./എയ്ഡ്സ് ബാധിതർക്കൊപ്പമുള്ള സാമൂഹ്യ പ്രവർത്തനം
3 : 8 പാർശ്വവത്ക്കരിക്കപ്പെട്ടവർ, ദുർബല വിഭാഗങ്ങൾ എന്നിവർക്കിടയിലുള്ള സാമൂഹ്യ പ്രവർത്തനം
3 : 9 മാനവ വിഭവശേഷി വികസനം
3 : 10 ഗ്രാമീണ നഗര സമൂഹ വികസനം
3 : 11 മനുഷ്യാവകാശവും സാമൂഹ്യ പ്രവർത്തനവും

നിങ്ങൾ സാമൂഹ്യപ്രവർത്തനത്തെക്കുറിച്ച് ഇതിനകം തന്നെ പഠിച്ചിട്ടുണ്ട്. അത് വ്യക്തികൾ, സംഘങ്ങൾ, സമുദായങ്ങൾ എന്നിവയുമായി ഇടപെടുന്നു. സാമൂഹ്യപ്രവർത്തനത്തിന്റെ വ്യത്യസ്തരീതികളുടെ ലിസ്റ്റ് തയാറാക്കാമോ?

- ..........................................................

വൈവിധ്യമാർന്ന ആവശ്യങ്ങളുള്ള വിവിധതരം സേവന സ്വീകർത്താക്കളുമായി (Client) പ്രവർത്തിക്കുമ്പോൾ സാമൂഹ്യ പ്രവർത്തകർ ഈ രീതികൾ ഉപയോഗപ്പെടുത്തുന്നു. ഉദ്യോഗസംബന്ധമായി സാമൂഹ്യ പ്രവർത്തകൻ സേവനസ്വീകർത്താക്കളെ സഹായിക്കുവാൻ ശാസ്ത്രീയമായ അറിവും കഴിവുകളും സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തുന്നു. സാമൂഹ്യ പ്രവർത്തനം ശാസ്ത്രമായും ഒരു കലയായും പരിഗണിക്കപ്പെടുന്നു.

താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ.



സാമൂഹ്യ പ്രവർത്തകർ വിവിധ മേഖലകളിൽ തങ്ങളുടെ കടമകൾ നിർവഹിക്കുന്നു. സാമൂഹ്യ പ്രവർത്തകർ സജീവമായിരിക്കുന്ന ഏതാനും മേഖലകൾ നിങ്ങൾക്ക് ലിസ്റ്റ് ചെയ്യാമോ?

- ......................................

ആശുപത്രികൾ, മനോരോഗ ക്ലിനിക്കുകൾ, കമ്മ്യൂണിറ്റി, സ്കൂൾ, വ്യവസായം, തെറ്റു തിരുത്തൽ മേഖലകളായ ജയിൽ, ശിശുഭവനം, നിരീക്ഷണഭവനം, തുടങ്ങിയവയാണ് ചില മേഖലകൾ. മെഡിക്കൽ സോഷ്യൽ വർക്കർ, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്കൂൾ സോഷ്യൽ വർക്കർ, ഇൻഡസ്ട്രിയൽ സോഷ്യൽ വർക്കർ എന്നിങ്ങനെ സാമൂഹ്യ പ്രവർത്തകർ അവർ പ്രവർത്തിക്കുന്ന വൈവിധ്യമാർന്ന മേഖലകൾക്കനുസരിച്ച് വിവിധ പേരുകളിൽ അറിയപ്പെടുന്നു. വിവിധ മേഖലകളിലായി സാമൂഹ്യ പ്രവർത്തകർ നിർവഹിക്കുന്ന വിവിധ കടമകളെക്കുറിച്ച് ഈ അധ്യായത്തിൽ നമുക്ക് ചർച്ച ചെയ്യാം.

## 3.1 ആരോഗ്യ സാമൂഹ്യ പ്രവർത്തനം (Health Social Work)

ആരോഗ്യമെന്നത് രോഗമോ വൈകല്യമോ ഇല്ലാത്ത അവസ്ഥമാത്രമല്ല. ശാരീരികമായും മാനസികമായും സാമൂഹികമായും പരിപൂർണമായി സുസ്ഥിതിയാണ് ആരോഗ്യം (ലോകാരോഗ്യ സംഘടന WHO).



ആരോഗ്യ സാമൂഹ്യപ്രവർത്തനത്തിൽ മനോരോഗചികിത്സാ കേന്ദ്രങ്ങളിലെയും മറ്റ് ചികിത്സാ സംവിധാനങ്ങളിലെയും സാമൂഹ്യപ്രവർത്തനത്തിന്റെ ഇടപെടൽ ഉൾപ്പെടുന്നു.

### A. ആരോഗ്യ സാമൂഹ്യ പ്രവർത്തനം

ഒരു പ്രധാന ഹൃദയശസ്ത്രക്രിയക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുള്ള ഒരാളുമായി നിങ്ങൾ എപ്പോഴെങ്കിലും ഇടപഴകിയിട്ടുണ്ടോ? രോഗിയും കുടുംബാഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരിക്കും?

- ..............................................

സാമ്പത്തിക ബുദ്ധിമുട്ട്, രോഗിയുടെയും കുടുംബാംഗങ്ങളുടെയും ഭയം തുടങ്ങിയവ യാണ് പ്രശ്നങ്ങളിൽ ചിലത്. ഇത്തരമൊരു ഗുരുതര സാഹചര്യത്തിൽ രോഗിയെയും കുടുംബത്തെയും സഹായിക്കുവാൻ ഒരാൾ അത്യാവശ്യമാണെന്ന് നിങ്ങൾക്ക് തോന്നു ന്നില്ലേ.

- ..............................................

തീർച്ചയായും, അത്തരം മാർഗ നിർദ്ദേശങ്ങൾ നൽകുവാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഒരു ആശുപത്രി സാമൂഹ്യ പ്രവർത്തകൻ തന്നെയായിരിക്കും. ആയതിനാൽ ഒരു ആശുപത്രിയിലെ സാമൂഹ്യ പ്രവർത്തകനെ മെഡിക്കൽ സോഷ്യൽ വർക്കർ എന്നു വിളിക്കുന്നു. ഒരു മെഡിക്കൽ സോഷ്യൽ വർക്കറുടെ ഉത്തരവാദിത്വങ്ങളും പ്രവർത്ത നങ്ങളും എന്തൊക്കെയായിരിക്കും?

- ..............................................

രോഗങ്ങൾക്ക് ശാരീരികവും, സാമൂഹികവും, സാമ്പത്തികവും, വൈകാരികവും മന ശാസ്ത്രപരവുമായ തലങ്ങളുണ്ട്. ഇത് ശാരീരിക രോഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഒരു ബഹുമുഖ സമീപനം ആവശ്യമാക്കിത്തീർക്കുന്നു. ഇന്നത്തെ ആരോഗ്യപരിപാലന രംഗത്ത് വ്യക്തികളെ വ്യക്തികളായല്ല, രോഗികളായിട്ടാണ് കാണുന്നത്. രോഗിയായ വ്യക്തിയുടെ മാനുഷികവശം പലപ്പോഴും അവഗണിക്കപ്പെടുന്നു. ഒരു വ്യക്തിയെന്ന നിലയിൽ രോഗിയുടെ സാമൂഹികവും വൈകാരികവും, സാമ്പത്തികവും, മനശാസ്ത്ര പരവുമായ ആവശ്യങ്ങൾ മനസ്സിലാക്കുക എന്നത് ശരിയായ രോഗനിർണയത്തിനും ചികിത്സയ്ക്കും വളരെ പ്രാധാന്യമുള്ളതാണ്. ഒരു മെഡിക്കൽ സോഷ്യൽ വർക്കർ രോഗിയുടെ ഇത്തരം എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നു.

സാമൂഹ്യ പ്രവർത്തകൻ ആരോഗ്യത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് രോഗിയെ സഹാ യിക്കുകയും ഇതിനോട് അനുബന്ധിച്ച് ഉണ്ടാകുന്ന വ്യക്തിപരവും കുടുംബപരവുമായ തകർച്ചകളെ തടയുകയും ചെയ്യുന്നു. അവയവമാറ്റ ശസ്ത്രക്രിയകൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയകൾ, ഗുരുതരമായ രോഗങ്ങളുടെ നിയന്ത്രണം, തുടങ്ങിയ വൈദ്യശാസ്ത്രത്തിന്റെ ശാസ്ത്രീയ പുരോഗതി സാമൂഹ്യ പ്രവർത്തകന്റെ ആവശ്യകത വളരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾക്ക് ബോധവത്കരണവും, വിദ്യാ ഭ്യാസവും ആവശ്യമാണ്. ഇത്തരം ആധുനിക ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധ പ്പെട്ട ധാർമിക - സാമൂഹിക - നിയമ - വൈകാരിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർ പരിശ്രമിക്കണം. രോഗനിർണയവും തുടർ ചികിത്സയും സ്വീകരിക്കുന്നതിനായി അവർ രോഗിയെ തയ്യാറാക്കണം. ദീർഘനാളത്തെ ആശുപത്രിവാസം രോഗിയുടെ സാമൂഹ്യബന്ധങ്ങൾ നഷ്ടപ്പെടുത്തിയേക്കാം. കുടുംബ ബന്ധങ്ങളിലെ ഊഷ്മളത കുറ

യാം. ഇത്തരം സന്ദർഭത്തിൽ ചികിത്സാപ്രക്രിയയിൽ കുടുംബാങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സാമൂഹ്യ പ്രവർത്തകൻ ശ്രമിക്കുന്നു.

ആശുപത്രിയിലെ സാമൂഹ്യ പ്രവർത്തകൻ രോഗിയുടെയും അവന്റെ/അവളുടെ കുടുംബത്തിന്റെയും വികാരങ്ങളെ തിരിച്ചറിയുന്നതിനും അംഗീകരിക്കുന്നതിനും മറ്റു ജീവനക്കാരെ സഹായിക്കേണ്ടതുണ്ട്. ചിലപ്പോൾ മറ്റുള്ളവർക്ക് നിസ്സഹകരണമെന്നു തോന്നിയേക്കാവുന്ന രോഗിയുടെ പെരുമാറ്റത്തിന്റെ യഥാർത്ഥ കാരണം സാമൂഹ്യ പ്രവർത്തകൻ മറ്റുള്ളവർക്ക് വ്യാഖ്യാനിച്ചു കൊടുക്കുന്നു. രോഗിയുടെ ചികിത്സയുമായും ആരോഗ്യ ആവശ്യങ്ങളുമായും ബന്ധപ്പെട്ട സാമൂഹികവും വൈകാരികവുമായ ഘടകങ്ങളെക്കുറിച്ച് ആരോഗ്യപരിപാലകർക്കിടയിൽ ബോധവത്ക്കരണം നടത്തുന്നത് സാമൂഹ്യ പ്രവർത്തകന് കഴിയും.

സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, ഗവേഷണം, മാനസിക-സാമൂഹിക വിദ്യാഭ്യാസം, കൗൺസലിംഗ്, സാമൂഹ്യ സാമ്പത്തിക വിശകലനം, സാമൂഹിക ആരോഗ്യ സേവനങ്ങൾ, ഗൃഹ സന്ദർശനങ്ങൾ, വിഭവ സമാഹരണം ആശുപത്രി ജീവനക്കാർക്കുള്ള സേവനകാല പരിശീലനം, പുനരധിവാസവും പരിചരണവും, റഫറൽ സേവനങ്ങൾ എന്നിവയെല്ലാം ആശുപത്രി മേഖലയിൽ സാമൂഹ്യ പ്രവർത്തകർക്ക് ചെയ്യാവുന്നതാണ്.

ആരോഗ്യമേഖലയിൽ സാമൂഹ്യ പ്രവർത്തകന്റെ ഇടപെടൽ രോഗപ്രതിരോധം, പ്രോത്സാഹനം, രോഗചികിത്സ, പുനരധിവാസം തുടങ്ങിയ തലങ്ങളിൽ സംഘടിപ്പിക്കണം. ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ് പ്രതിരോധരംഗത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു. പുനരധിവാസ സേവനങ്ങളെ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കമ്മ്യൂണിറ്റിയിൽ ലഭ്യമായ വിഭവങ്ങളെക്കുറിച്ച് സാമൂഹ്യ പ്രവർത്തകൻ ബോധവാനായിരിക്കണം. കമ്മ്യൂണിറ്റിയിലെമറ്റു സാമൂഹ്യക്ഷേമ ഏജൻസികളുടെ സഹകരണം സാമൂഹ്യ പ്രവർത്തകൻ ഉറപ്പുവരുത്തേണ്ടതുണ്ട്.

## B. മനോരോഗ സാമൂഹ്യ പ്രവർത്തനം (Psychiatric Social Work )



നിങ്ങൾ എപ്പോഴെങ്കിലും മാനസിക രോഗമുള്ള ഒരു വ്യക്തിയെ കണ്ടിട്ടുണ്ടോ? നിങ്ങൾ നിരീക്ഷിച്ച ലക്ഷണങ്ങൾ എന്തൊക്കെയാണ്? എന്തുകൊണ്ടാണ് ആളുകൾ മാനസിക രോഗികളാവുന്നത്?

- .............................................

ആളുകൾ മാനസിക രോഗികളാവുന്നത് വിവിധ കാരണങ്ങൾ കൊണ്ടാണ്. മാനസിക രോഗിയായ ഒരു വ്യക്തി വീട്ടിലുണ്ടാവുക എന്നത് വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്ന അനുഭവമാണ്. കുടുംബാംഗങ്ങൾ ഇവിടെ നിരവധി പൊരുത്തപ്പെടലുകൾ നടത്തേണ്ടതുണ്ട്. ചില സമയങ്ങളിൽ കുടുംബാംഗങ്ങൾ ഈ സ്വഭാവവുമായി ഒത്തുപോകുവാൻ ബുദ്ധിമുട്ടുകയും മറ്റുള്ളവരിൽ നിന്നും അസുഖവിവരം മറയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ സാഹചര്യവുമായി മെച്ചപ്പെട്ട രീതിയിൽ ഒത്തുപോകുവാൻ മനോരോഗ സാമൂഹ്യ പ്രവർത്തകൻ കുടുംബത്തെ സഹായിക്കുന്നു.

ശിശുമാർഗനിർദേശ ക്ലിനിക്കുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, താൽക്കാലിക അഭയ ഭവനങ്ങൾ, മാനസിക രോഗികൾക്കുള്ള പുനരധിവാസ കേന്ദ്രങ്ങൾ, ലഹരി വിമുക്ത കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ മനോരോഗ സാമൂഹ്യ പ്രവർത്തകൻ പ്രവർത്തിക്കുന്നു. വർദ്ധിച്ചു വരുന്ന ജീവിതാവശ്യങ്ങളോടും ചുറ്റുപാടിനോടും പൊരുത്തപ്പെടുവാനുള്ള കഴിവാണ് ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തെ നിർണയിക്കുന്നത്. ഒരു വ്യക്തിയെ മാനസിക രോഗിയാക്കുന്നതിൽ ചുറ്റുപാടിന്റെയും സാമൂഹ്യ ഘടകങ്ങളുടെയും സ്വാധീനം വളരെ നിർണായകമാണ്. സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾ വിശകലനം നടത്തിയും വ്യാഖ്യാനിച്ചും രോഗിയെ ഒരു സാമൂഹ്യജീവിയെന്ന നിലയിൽ മനസ്സിലാക്കുവാൻ മനോരോഗ വിദഗ്ധനെ സാമൂഹ്യ പ്രവർത്തകൻ സഹായിക്കുന്നു.

മനോരോഗ വിദഗ്ധൻ, ക്ലിനിക്കൽ മനഃശാസ്ത്രജ്ഞൻ, മനോരോഗ നഴ്സ്, ഒക്ക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, വൊക്കേഷണൽ തെറാപ്പിസ്റ്റ് തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു ബഹുമുഖ വിദഗ്ദ സംഘത്തിലെ അംഗമായി മനോരോഗ സാമൂഹ്യ പ്രവർത്തകൻ പ്രവർത്തിക്കുന്നു. ഒരു സംഘാംഗമെന്ന നിലയിൽ സാമൂഹ്യ പ്രവർത്തകൻ മറ്റ് അംഗങ്ങൾക്ക് സാമൂഹ്യ രോഗനിർണയം വ്യാഖ്യാനിച്ചു കൊടുക്കേണ്ടതുണ്ട്. രോഗനിർണയത്തെക്കുറിച്ചും ചികിത്സയെക്കുറിച്ചും ബോധ്യപ്പെടുത്താൻ അദ്ദേഹം കുടുംബവുമൊത്ത് പ്രവർത്തിക്കുന്നു. അദ്ദേഹം ചികിത്സാപ്രക്രിയയിൽ ഉടനീളം കുടുംബാംഗങ്ങളുടെ സഹകരണം ഉറപ്പുവരുത്തണം. സാമൂഹ്യപ്രവർത്തകൻ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വ്യക്തിയെ സഹായിക്കേണ്ടതാണ്. അഹംബോധംശക്തിപ്പെടുത്തൽ, സാമൂഹ്യമായ പൊരുത്തപ്പെടൽ മെച്ചപ്പെടുത്തൽ എന്നിവ സാമൂഹ്യ പ്രവർത്തന ഇടപെടലിന്റെ പ്രധാന ഊന്നൽ മേഖലകളാണ്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. മനോരോഗ മേഖലയിലെ സംഘ പ്രവർത്തനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?
2. ആരോഗ്യമേഖലയിൽ സാമൂഹ്യ പ്രവർത്തകന്റെ ജോലികൾ എന്താണ്?.

**നമുക്ക് പ്രവർത്തിക്കാം.**



*ഒരു ആശുപത്രി സന്ദർശിക്കുകയും ആരോഗ്യ മേഖലയിലെ സാമൂഹ്യ പ്രവർത്തകൻ കൈകാര്യം ചെയ്യുന്ന, വിവിധ ജോലികളെക്കുറിച്ച് ഒരു അഭിമുഖം സംഘടിപ്പിക്കുകയും അതിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുകയും ചെയ്യുക.*

## 3.2 സ്കൂൾ, വ്യവസായം, തിരുത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ സാമൂഹ്യ പ്രവർത്തനം

### A. സാമൂഹ്യ പ്രവർത്തനം സ്കൂളിൽ (Social work in school)





*പ്ലസ്വൺ വിദ്യാർത്ഥിനിയായ വിനിത പഠനത്തിൽ മിടുക്കിയാണ്. ഇപ്പോഴാകട്ടെ അവൾ ക്ലാസിൽ വിഷണ്ണയായി കാണപ്പെടുന്നു. മിക്കപ്പോഴും അസഹനീയമായ തലവേദനയാണെന്നു പറഞ്ഞു കൊണ്ട് അവൾ മേശയിൽ കിടക്കാറുണ്ട്. എഴുന്നേൽക്കുവാനും പഠനത്തിൽ ശ്രദ്ധിക്കുവാനും ടീച്ചർ ആവശ്യപ്പെട്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. ടീച്ചർ അവളെ ക്ലാസിൽ നിന്നും പുറത്താക്കി. വിനിത എന്തെങ്കിലും പ്രശ്നം അനുഭവിക്കുന്നതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ?*

നിങ്ങൾക്ക് എങ്ങനെയാണ് അവളെ സഹായിക്കാൻ കഴിയുക?

- ..............................................................

അതെ, ഏറെ ശ്രദ്ധയും സഹായവും ആവശ്യമായ വ്യക്തിപരമായ പ്രശ്നം അവൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ക്ലാസിൽ നിന്നും അവളെ പുറത്താക്കുക എന്നത് ഈ അവസരയിൽ പ്രശ്നത്തിന് ഒരു പരിഹാരമല്ല.

പ്രിൻസിപ്പാൾ അവളെ സ്കൂൾ സാമൂഹ്യ പ്രവർത്തകന്റെ സേവനത്തിന് റഫർ ചെയ്യുകയും ഏതാനും കൂടിക്കാഴ്ച്ചകൾക്ക് ശേഷം അവൾ വളരെ സന്തോഷവതിയായി കാണപ്പെടുകയും അവൾക്ക് പഠനത്തിൽ ശ്രദ്ധിക്കുവാനും കഴിഞ്ഞു. തന്റെ പഠനത്തെ തടസ്സപ്പെടുത്തിയ പ്രശ്നങ്ങളെ സാമൂഹ്യ പ്രവർത്തകന്റെ സഹായത്തോടെ ദൂരീകരിക്കുവാൻ അവൾക്ക് കഴിഞ്ഞു. വിദ്യാർത്ഥികളുടെ ക്ഷേമത്തിന് ഒരു സാമൂഹ്യ പ്രവർത്തകന് എന്തൊക്കെ ചെയ്യാം എന്ന് നോക്കാം.

എല്ലാ വിദ്യാർത്ഥികളുടെയും പ്രത്യേകിച്ച് പിന്നോക്കം നിൽക്കുന്നവരുടെ വികസനമാണ് സ്കൂൾ സാമൂഹ്യ പ്രവർത്തനത്തിന്റെ ലക്ഷ്യം. അവരുടെ ജീവിത ഗുണനിലവാരം കുടുംബാന്തരീക്ഷത്തിന്റെ തരം, രക്ഷാകർതൃത്വം, പാഠ്യ പദ്ധതി, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകരുമായും സഹപാഠികളുമായുള്ള ബന്ധം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ചിലപ്പോൾ അനുകൂലമല്ലാത്ത സ്കൂൾ സാഹചര്യങ്ങൾ കാരണം കുട്ടികൾക്കിടയിൽ പെരുമാറ്റ പ്രശ്നങ്ങൾ ഉണ്ടായേക്കാം. അധ്യാപനരീതി, ഭാഷാപരമായ ബുദ്ധിമുട്ട്, തെറ്റായ മനോഭാവം, അധ്യാപകരുടെ മോശമായ ഇടപെടൽ, കൂട്ടുകാരുടെ കളിയാക്കൽ എന്നിവയും കുട്ടികളെ ബാധിച്ചേക്കാം. അതുപോലെ തന്നെ കുടുംബങ്ങളിലെ അനാരോഗ്യകരമായ സാഹചര്യങ്ങൾ കുട്ടികളുടെ പ്രകടനത്തെ

ബാധിച്ചേക്കാം. പ്രചോദനമില്ലായ്മ, താത്പര്യക്കുറവ്, ശ്രദ്ധയില്ലായ്മ, ഹാജരില്ലായ്മ, മോഷണം, ലഹരി വസ്തുക്കളുടെ ഉപയോഗം, പഠനപിന്നോക്കാവസ്ഥ തുടങ്ങിയവ സാമൂഹ്യ പ്രവർത്തന ഇടപെടൽ ആവശ്യമാക്കിത്തീർക്കുന്നു.

സാമൂഹ്യ പ്രവർത്തകൻ വിദ്യാർത്ഥികളുടെ പൊതുവായ പെരുമാറ്റം വൈകാരിക പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു. പഠനവൈകല്യമുൾപ്പെടെയുള്ള മാനസികാരോഗ്യ പ്രശ്നങ്ങളെപ്പറ്റി അധ്യാപകരെയും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവത്കരിക്കുവാൻ സാമൂഹ്യ പ്രവർത്തകർക്ക് കഴിയും. വ്യക്തിത്വ വികസനം, സ്വാഭിമാനം, വ്യക്ത്യാന്തര കഴിവുകൾ, ഓർമ്മശക്തി മെച്ചപ്പെടുത്തൽ, പാഠ്യ-പ്രകടനം, ജീവിത നൈപുണികൾ, ലൈംഗിക വിദ്യാഭ്യാസം, തൊഴിൽ പരമായ മാർഗനിർദേശം എന്നിവയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് കുട്ടികളുടെ സമ്പുഷ്ടീകരണ പരിപാടികൾ (Enrichment programmes) സംഘടിപ്പിക്കുവാൻ സാമൂഹ്യ പ്രവർത്തകർക്ക് കഴിയും. കൗമാര പ്രശ്നങ്ങൾ, പഠനശീലങ്ങൾ, കുടുംബത്തിലെ പഠന സാഹചര്യങ്ങൾ, കുട്ടികളെ വളർത്തൽ, അനുകൂലമായ ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നിവയെ സംബന്ധിച്ച് രക്ഷകർത്താക്കൾക്കുള്ള പരിശീലനം തുടങ്ങിയവ സാമൂഹ്യ പ്രവർത്തകർക്ക് നടത്തുവാനും കഴിയും.

### B. സാമൂഹ്യ പ്രവർത്തനം വ്യവസായ മേഖലയിൽ (Social work in Industry)

*'സിഗ് സാഗ് വേൾഡ്' എന്ന കമ്പനിയിലെ നിരവധി ജീവനക്കാർ മുൻകൂർ അനുമതിയില്ലാതെ ജോലിയിൽ നിന്നും വിട്ടുനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അവരിൽ ഭൂരിഭാഗം പേരും മദ്യം ഉപയോഗിക്കുന്നവരാണ്. ഈ പ്രശ്നം മാനേജ്മെന്റ് യോഗത്തിൽ ഉന്നയിക്കപ്പെട്ടു. ഈ പ്രശ്നത്തെ മാനേജ്മെന്റ് എങ്ങിനെ നേരിടും.?*

- ..................................................................






ഈ കമ്പനിയിലെ സാമൂഹ്യ പ്രവർത്തകനെ (ലേബർ വെൽഫയർ ഓഫീസർ/തൊഴിൽ ക്ഷേമ ഓഫീസർ) പ്രശ്ന പരിഹാരം കണ്ടെത്തുവാനുള്ള ചുമതല ഏൽപ്പിച്ചു. അദ്ദേഹം ജീവനക്കാരുമായി നിരവധി കൂടിക്കാഴ്ചകൾ നടത്തുകയും പ്രശ്നത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും പ്രശ്നം പരിഹരിക്കുന്നതിന് ജീവനക്കാരുടെ കുടുബാംഗങ്ങളെ ബന്ധപ്പെടുകയും ചെയ്തു. മദ്യം പതിവായി ഉപയോഗിക്കുന്നവരെ ലഹരി-മുക്ത ചികിത്സാകേന്ദ്രങ്ങളിൽ അയച്ചു. ഈ മേഖലയിൽ സാമൂഹ്യ പ്രവർത്തകന്റെ മറ്റു പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

- ..................................................................

വ്യവസായ സറാപനങ്ങളും വ്യവസായിക മേഖലകളും അവരുടെ സാമൂഹിക ഉത്തര വാദിത്വം തിരിച്ചറിഞ്ഞിട്ടുള്ളതുകൊണ്ട് വ്യവസായരംഗത്ത് സാമൂഹ്യ പ്രവർത്തനത്തിന് ധാരാളം സാധ്യതയുണ്ട്. വ്യവസായ സ്ഥാപനങ്ങളെ അവരുടെ സാമൂഹിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സാമൂഹ്യ പ്രവർത്തനം സഹായിക്കുന്നു. ഇന്ന് മാനേജ്മെന്റുകൾ സറാപനത്തിനുള്ളിലെ പ്രവർത്തന സാഹചര്യങ്ങളെക്കുറിച്ചും, ജീവനക്കാരുടെ മാന സികാരോഗ്യം, തൊഴിൽ സംസ്കാരം എന്നിവയെക്കുറിച്ചും കൂടുതൽ കരുതലുള്ളവ രാണ്. വ്യവസായ സ്ഥാപനങ്ങളിലെ സാമൂഹ്യ അന്തരീക്ഷവും മനുഷ്യബന്ധങ്ങളും മെച്ചപ്പെടുത്തുന്നതിന് വ്യവസായ സാമൂഹ്യപ്രവർത്തനം ലക്ഷ്യമിടുന്നു. തൊഴിൽ സാഹചര്യവുമായി മെച്ചപ്പെട്ട രീതിയിൽ പൊരുത്തപ്പെടുന്നതിന് വ്യക്തിയെയും സംഘ ങ്ങളെയും ചിട്ടയായ രീതിയിൽ സഹായിക്കുന്നതിനുള്ള മാർഗമാണ് വ്യവസായ സാമൂഹ്യ പ്രവർത്തനം.

ഒരു വ്യവസായ സാമൂഹ്യ പ്രവർത്തകന്റെ ഉത്തരവാദിത്വങ്ങൾ പ്രധാനമായും താഴെ പറയുന്ന തരത്തിലുള്ള ചട്ടങ്ങൾക്കും വ്യവസറകൾക്കും കീഴിൽ വരാത്ത സേവന വിഭാ ഗങ്ങളിൽപെടുന്നു.

1. പ്രശ്നങ്ങൾ രൂക്ഷമാകുന്നതിനുമുമ്പ് കുടുംബം, വ്യക്തികൾ, സംഘങ്ങൾ ഇവയെ സന്ദർശിക്കുകയും ഗ്രൂപ്പ് കൗൺസലിംഗ് നല്കുകയും ചെയ്യുന്നു.
2. സംഘടിത സാമൂഹ്യ ഉത്തരവാദിത്ത (Corporate Social Responsibility - CSR) പ്രവർത്തനങ്ങളിലും സാമൂഹ്യവികസന സംരംഭങ്ങളിലുമുള്ള പങ്കാളിത്തം.
3. തൊഴിലിൽ നിന്നും വിട്ടുനിൽക്കൽ, മദ്യപാനം, സമ്മർദ്ദം തുടങ്ങിയ ജീവനക്കാ രുടെ പ്രശ്നങ്ങളെ സാമൂഹ്യ പ്രവർത്തകൻ കൈകാര്യം ചെയ്യുന്നു. കൂടാതെ അവർ തൊഴിലാളികളുടെ ക്ഷേമം, വേതനം, സേവനാനുകൂല്യങ്ങൾ, തൊ ഴിൽ-ജീവിത സമീകരണം എന്നിവയും പരിപാലിക്കുന്നു.
4. സാമൂഹ്യ പ്രവർത്തന രീതികളായ സോഷ്യൽകേസ് വർക്ക്,സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ, സോഷ്യൽ ആക്ഷൻ, സോഷ്യൽ വർക്ക് റിസർച്ച് എന്നിവയുടെ പ്രയോഗം.
5. ആരോഗ്യ വിദ്യാഭ്യാസവും റഫറൽ സേവനങ്ങളും.
6. മറ്റു ക്ഷേമ ഏജൻസികളുമായി ക്ഷേമസേവനങ്ങളുടെ ഏകോപനം.
7. തൊഴിലാളികളുടെ വിദ്യാഭ്യാസം.
8. കുടുംബ ജീവിതവും ജീവിത നൈപുണി വിദ്യഭ്യാസവും നൽകുക.
9. തൊഴിലാളികളുടെ വിനോദ പരിപാടികൾ സംഘടിപ്പിക്കൽ.
10. മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള സംതൃപ്തവും ഉല്പാദനക്ഷമവു മായബന്ധം ശക്തിപ്പെടുത്തുക.
11. കൂട്ടായ വില പേശൽ, ആഭ്യന്തര അന്വേഷണം, സമരങ്ങൾ, സ്ഥാപനം അടച്ചിടൽ പോലുള്ള സന്ദർഭങ്ങളിൽ സാമൂഹ്യപ്രവർത്തകൻ നിർബന്ധമായും ഇടപെടേ ണ്ടതാണ്.

## C. സാമൂഹ്യ പ്രവർത്തനം തിരുത്തൽ കേന്ദ്രങ്ങളിൽ

**(Social work in correctional setting)**

കോടതി ഒരു മോഷ്ടാവിന് രണ്ടു വർഷത്തെ തടവു ശിക്ഷ നല്കുന്നു. അയാൾ എവിടേക്കാണ് അയക്കപ്പെടുന്നത്?

- ..................................................................


Asia's Largest Jail Is The Last Place You Would Expect Delicate And Expensive Lace To Be Made But That's Exactly What Some Tihar Women Inmates Are Learning To Do

**In Tihar, these women weave a new story**

The special handmade lace the prisoners make is meant for one-time use only and a table cover can sell in Europe for as much as Rs 1.5 lakh




കുറ്റവാളികളെ അവരുടെ പെരുമാറ്റം പരിഷ്ക്കരിക്കുന്നതിനായി ജയിലിലേക്കോ നിരീക്ഷണ ഭവനങ്ങളിലേക്കോ (Observation home) അയക്കുന്നു. ഈ കേന്ദ്രങ്ങൾ തിരുത്തൽ സംവിധാനങ്ങൾ എന്നറിയപ്പെടുന്നു.

ജയിലിനകത്തെ സാഹചര്യങ്ങൾ കഴിഞ്ഞ ഏതാനും ദശകങ്ങളിൽ വളരെയധികം മാറിയിട്ടുണ്ട്. ഇതുവരെ കുറ്റവാളികളെ ശിക്ഷിക്കാനുള്ള കേന്ദ്രങ്ങളായാണ് അവ പരിഗണിക്കപ്പെട്ടിരുന്നത്. ഇപ്പോൾ ശിക്ഷാ സിദ്ധാന്തം തിരുത്തലിനും പരിവർത്തനത്തിനും വഴിമാറിയിട്ടുണ്ട്. തിരുത്തൽ നിർവഹണത്തിനുള്ള കേന്ദ്രീകൃത സ്ഥാപനങ്ങളാണ് ജയിലുകളും നിരീക്ഷണ ഭവനങ്ങളും. പ്രൊഫഷണൽ സാമൂഹ്യപ്രവർത്തകരുടെ സമയോചിതമായ ഇടപെടലുകളുടെ ഫലമായിട്ടാണ് പാശ്ചാത്യലോകത്തെ ജയിൽ പരിഷ്ണകരണ മുന്നേറ്റം സാധ്യമായത്. കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിന് മനുഷ്യത്വപരവും വികസനപരവുമായ സമീപനമാണ് ഇന്ത്യയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

കുറ്റവാളികളോടുള്ള മനോഭാവം മാറ്റുന്ന കാര്യത്തിൽ നാം ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇനിയും ധാരാളം മുന്നോട്ട് പോകേണ്ടതുണ്ട്. ഭാഷാപ്രയോഗം, മുദ്രകുത്തൽ, അപമാനങ്ങൾ എന്നിവയിലുണ്ടായ മാറ്റങ്ങൾ കുറ്റവാളികളെ നന്നാക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും കൈക്കൊണ്ട വിപ്ലവകരമായ ചുവടുകൾ ഇവയൊക്കെതന്നെ നമ്മുടെ മനോഭാവത്തിലുണ്ടായ മാറ്റങ്ങൾ സ്പഷ്ടമാക്കുന്നു. ക്ഷേമം, പുനരധിവാസം എന്നീ സേവനങ്ങൾക്ക് ഇക്കാലത്ത് വളരെയധികം ഊന്നൽ നല്കപ്പെടുന്നു. നിയമനടപടികൾ നേരിടുന്ന കുറ്റവാളികളുടെ നവീകരണമാണ് തിരുത്തൽ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നത്. വ്യക്തിയെ ശിക്ഷിക്കുക എന്നതിലുപരി അവനെ നവീകരിക്കുക എന്നതിനാണ് ഇത്തരം സ്ഥാപനങ്ങൾ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ചിലപ്പോൾ ജയിൽശിക്ഷ വിപരീത ഫലമാണ് കുറ്റവാളിയിൽ ഉണ്ടാക്കുന്നത്. നിരീക്ഷണഭവനം, ജയിൽ, ക്രമസമാധാനപാലനം നടപ്പാക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവ തെറ്റുതിരുത്തൽ സ്ഥാപനങ്ങ

ളുടെ അധികാര പരിധിയിൽ വരുന്നു. ഒരാൾ കുറ്റകൃത്യം ചെയ്യുവാനുണ്ടായ സാഹചര്യത്തെ സാമൂഹ്യ പ്രവർത്തകൻ വിശകലനം ചെയ്യുകയും വ്യക്തിയെ അയാളുടെ സാഹചര്യത്തിൽ മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇതു തന്റെ സേവനം കൂടുതൽ ഫലപ്രദമാക്കാൻ അദ്ദേഹത്തെ സഹായിക്കുന്നു.

> **നിങ്ങൾക്കറിയാമോ?**
>
> 18 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തി ഒരു കുറ്റകൃത്യം ചെയ്താൽ അയാളെ ബാല അപചാരി (Juvenile delinquent) എന്നു പറയുന്നു.
>
> ജുവനൈൽ ജസ്റ്റിസ് ആക്ട് 2000 അനുസരിച്ച് ബാല അപചരണങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമീപനം രൂപപ്പെടുത്തി യിട്ടുണ്ട്. ഈ നിയമം ബാല അപചാരികളുടെ സംരക്ഷണം, ചികിത്സ, പുനരധിവാസം എന്നിവയ്ക്കുള്ള ചട്ടക്കൂടുകളും തയ്യാറാക്കിയിട്ടുണ്ട്.

അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ, ശരിയായ ഭക്ഷണക്രമം, വസ്ത്രം, ചികിത്സ സഹായം, വിനോദ സൗകര്യങ്ങൾ, വിദ്യാഭ്യാസ തൊഴിൽ കേന്ദ്രങ്ങൾ, ക്രിയാത്മകത പ്രകടിപ്പിക്കാനാവശ്യമായ അവസരങ്ങൾ എന്നിവ ജയിലുകളിൽ ലഭ്യമാണെന്ന് സാമൂഹ്യ പ്രവർത്തകൻ ഉറപ്പുവരുത്തേണ്ടതാണ്. കുറ്റവാളിയെ സമൂഹത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നത് ആ വ്യക്തിയോടുള്ള സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് എന്ന സങ്കല്പത്തിനാണ് പ്രൊബേഷൻ (നല്ല നടപ്പ്) ഊന്നൽ കൊടുക്കുന്നത്. ഒരു കുറ്റവാളിക്ക് തന്റെ സാമൂഹ്യ പിന്തുണ സംവിധാനത്തെ പുനസ്ഥാപിക്കുവാൻ പരോൾ സഹായിക്കുന്നു.

നിയമ നടപടികൾ നേരിടുന്ന കുട്ടികളുമായി (ബാല അപചാരികൾ) ചേർന്ന് പ്രവർത്തിക്കുമ്പോൾ കുട്ടികൾ കുറ്റം ചെയ്ത സാഹചര്യം സാമൂഹ്യ പ്രവർത്തകർ മനസ്സിലാക്കേണ്ടതുണ്ട്. മാറിയ സാഹചര്യം ഉൾക്കൊള്ളുന്നതിന് കുട്ടിയെയും കുടുംബത്തെയും പ്രാപ്തരാക്കണം. സ്കൂൾ പഠനം, തൊഴിൽ പരിശീലനം, വിനോദം, കൗൺസലിംഗ് സേവനങ്ങൾ എന്നിവയാണ് ശിശുഭവനത്തിലെ സാമൂഹ്യ പ്രവർത്തകരുടെ ചില പ്രധാന ചുമതലകൾ. ചിട്ടയായ പുനരധിവാസമാർഗങ്ങൾ ഓരോ ബാല അപചാരിക്കും വേണ്ടി പ്രത്യേകം രൂപപ്പെടുത്തേണ്ടതാണ്. അപചരണം സംഭവിച്ച ഓരോ കുട്ടിയേയും സംബന്ധിച്ചുള്ള കേസ് സ്റ്റഡി സാമൂഹ്യ പ്രവർത്തകൻ തയ്യാറാക്കുന്നു. വിവിധ പരിശോധനകളുടെയും ശേഖരിക്കപ്പെട്ട വിവരങ്ങളുടെയും കണ്ടെത്തലുകളുടെയും രോഗ നിർണയത്തിന്റെയും അടിസ്ഥാനത്തിൽ ബാല അപചാരികൾക്കുള്ള തൽക്കാലിക ചികിത്സാ പദ്ധതി രൂപപ്പെടുത്തണം. സാമൂഹ്യ പ്രവർത്തകൻ കോടതി സംവിധാനത്തിലും സഹായിക്കുന്നു. കുറ്റവാളിയോടുള്ള എല്ലാ ഇടപെടലുകളും അവരെ പുനരധിവാസത്തിലേക്ക് നയിക്കുന്ന താകണം.

സാമൂഹ്യ പ്രവർത്തകൻ അപചാരിയുടെ ഗൃഹസന്ദർശനം നടത്തുകയും രക്ഷിതാക്കൾ, ബന്ധുക്കൾ എന്നിവരുമായി വ്യക്തിഗത ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു. കുറ്റവാളിയുടെ മോചനത്തിനു ശേഷമുള്ള പൊരുത്തപ്പെടൽ സുഗമമാക്കുന്നതിനുവേണ്ടി മറ്റുള്ളവരുടെ മനോഭാവം മാറ്റിയെടുക്കുവാനും അദ്ദേഹം ശ്രമിക്കുന്നു. തെറ്റുതിരുത്തൽ സ്ഥാപനത്തിൽ നിന്നുള്ള മോചനത്തിനു ശേഷവും സാമൂഹ്യ പ്രവർത്തകൻ തുടർനടപടികൾ നടത്തുന്നു.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. രണ്ട് തിരുത്തൽ സ്ഥാപനങ്ങളുടെ പേര് എഴുതുക.
2. സ്കൂളുകളിൽ സാമൂഹ്യ പ്രവർത്തകന്റെ പങ്ക് തിരിച്ചറിയുക.

**നമുക്ക് പ്രവർത്തിക്കാം**



*ഒരു തിരുത്തൽ സ്ഥാപനം സന്ദർശിക്കുകയും അന്തേവാസികളുടെ പുനരധിവാസത്തിനു സ്വീകരിച്ച തന്ത്രങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.*

*ഒരു വ്യവസായ സാമൂഹ്യ പ്രവർത്തകനുമായി കൂടിക്കാഴ്ച്ച നടത്തുകയും അദ്ദേഹത്തിന്റെ വിവിധ ജോലികളെക്കുറിച്ച് റിപ്പോർട്ട് തയാറാക്കുകയും ചെയ്യുക.*

## 3.3 സാമൂഹ്യ പ്രവർത്തനം കുടുംബങ്ങളിലും കുട്ടികളിലും (Social Work With Families And Children)

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റാണ് കുടുംബമെന്ന് നമ്മൾ അവകാശപ്പെടുന്നത് എന്തുകൊണ്ടാണ്?

- ................................................................





എല്ലാ മാനുഷിക അനുഭവങ്ങളുടെയും അടിസ്ഥാനം കുടുംബമാണ്. വ്യക്തിയുടെ മാനസികവും വൈകാരികവുമായ ക്ഷേമത്തിന് കുടുംബത്തിലെ പൊതുവായ അന്തരീക്ഷത്തിന് വലിയ പ്രാധാന്യമുണ്ട്. പ്രജനനം, സംരക്ഷണം, വിദ്യാഭ്യാസം, അംഗങ്ങളുടെ സാമൂഹ്യവത്കരണം തുടങ്ങിയ കർത്തവ്യങ്ങൾ നിർവഹിക്കാനുള്ള ഉത്തരവാദിത്തം കുടുംബത്തിനാണ്. കുടുംബാംഗങ്ങളുടെ കഴിവുകളെ പരമാവധി വികസിപ്പിക്കുകയും, കുടുംബത്തിൽ വ്യക്തിഗതമായി സംതൃപ്തവും സമൂഹത്തിൽ ഉപകാരപ്രദവുമായ ജീവിതം നയിക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുകയെന്നതാണ് കുടുംബ ശിശുക്ഷേമ സേവനങ്ങളുടെ ലക്ഷ്യം. സർക്കാർ ഏജൻസികൾ, സ്കൂളുകൾ, വ്യക്തി-കുടുംബസേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ പ്രവർത്തകർ അവരുടെ സേവനം ലഭ്യമാക്കുന്നു. കുടുംബ സേവന ദാതാവ്, കുടുംബക്കോടതി കൗൺസിലർ, ശിശുക്ഷേമ ഓഫീസർ, ശിശു സംരക്ഷണ ഓഫീസർ, തൊഴിൽ മാർഗ നിർദേശകൻ, വൃദ്ധജന പരിപാലകൻ തുടങ്ങിയ കർത്തവ്യങ്ങൾ അവർ നിർവഹിക്കുന്നു.

**നിങ്ങൾക്കറിയാമോ!**

കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

**നിരീക്ഷണ ഭവനങ്ങൾ (Observation Homes)** : നിയമ നടപടികൾ നേരിടുന്ന ബാല അപചാരികൾക്ക് അന്വേഷണകാലയളവിൽ താൽക്കാലികമായി താമസിക്കു വാനുള്ള ഭവനങ്ങൾ .

**പ്രത്യേക ഭവനങ്ങൾ (Special Homes)**: 18 വയസ്സിൽ താഴെയുള്ള കുട്ടികളോ, കൗമാര പ്രായക്കാരോ കൊലപാതകം, ബലാൽസംഗം, മോഷണം, ഭവനഭേദനം, മറ്റു കുറ്റകൃത്യങ്ങൾ ചെയ്തു എന്ന് തെളിയുന്നപക്ഷം താമസിപ്പിക്കുന്ന ഭവനം.

**താത്കാലിക അഭയ സേവനം (Half way Service)**: ആശുപത്രി അല്ലെങ്കിൽ ജയിൽ പോലുള്ള സ്ഥാപനങ്ങളിൽ നിന്നും കാലാവധികഴിഞ്ഞു വരുന്നവരെ ബാഹ്യലോകവുമായി വീണ്ടും ഇണങ്ങിച്ചേരുവാൻ സഹായിക്കുന്ന പുനരധിവാസ കേന്ദ്രങ്ങൾ.

**പ്രത്യേക വിദ്യാലയം (Special School)**: സ്വഭാവവും കഴിവുകളും വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടെയുള്ള താമസം, ഉപജീവനം, വിദ്യാഭ്യാസം എന്നിവയും അവന്റെ നവീകരണത്തിനാവശ്യമായ പരിശീലനവും ലഭ്യമാക്കുന്നു.

**ആഫ്റ്റർ -കെയർ- ഓർഗനൈസേഷൻസ്**: ശിശുഭവനങ്ങളിൽ നിന്നോ പ്രത്യേക വിദ്യാലയങ്ങളിൽ നിന്നോ കാലാവധി പൂർത്തിയാക്കുന്ന കുട്ടികളെ സത്യസന്ധതയും അധ്വാനശീലവും ഉപകാരപ്രദവുമായ ജീവിതം നയിക്കുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റിയുള്ള ബോധവത്ക്കരണം, വയോജന വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ, കുടുംബാസൂത്രണം, സംരംഭകത്വം, തൊഴിലെടുക്കുന്ന വനിതകളുടെ ഹോസ്റ്റൽ, ഇരയാക്കപ്പെട്ട സ്ത്രീകൾക്കുള്ള പരിപാടികൾ, പരിചരണ സേവനങ്ങൾ എന്നിങ്ങനെ വിവിധ തരത്തിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള പരിപാടികൾ സർക്കാരും സർക്കാരിതര സംഘടനകളും ചെയ്തുവരുന്നു.

കുടുംബ കൗൺസലിംഗ് കേന്ദ്രങ്ങളിൽ വിവാഹ പൂർവവും വിവാഹശേഷവുമുള്ള കൗൺസലിംഗ്, ശിശുമാർഗനിർദേശങ്ങൾ എന്നീ മേഖലകളിൽ സാമൂഹ്യ പ്രവർത്തകൻ സേവനം ചെയ്യുന്നു. അസുഖം, വിവാഹമോചനം, മരണം മുതലായ പ്രശ്ന സാഹചര്യങ്ങളിൽ കുടുംബ കൗൺസലിംഗ് കേന്ദ്രങ്ങൾ സഹായം ലഭ്യമാക്കുന്നു. പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും അവർ സഹായിക്കുന്നു. അവഗണന, പീഡനം, അതിക്രമം തുടങ്ങിയ സാഹചര്യങ്ങളിൽ കുടുംബ കൗൺസലർ പിന്തുണയും നിയമസഹായവും നല്കുന്നു.

തൊഴിൽ പരിശീലനം, അംഗൻവാടികൾ, അവധിക്കാല ഭവനങ്ങൾ, സാംസ്കാരിക വിദ്യാഭ്യാസം, ശിശു ആരോഗ്യം, പോഷകാഹാര സേവനങ്ങൾ, ഭിന്നശേഷിക്കാർ തെരുവിലെ കുട്ടികൾ, ബാല അപചാരികൾ എന്നിവർക്കുള്ള വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം ശിശുക്ഷേമ പരിപാടികളിൽ ഉൾപെടുന്നു.

കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിൽ നിന്നും അവഗണനയിൽ നിന്നും സംരക്ഷിക്കുവാനും സാമൂഹ്യ പ്രവർത്തകർ ഇടപെടുന്നു. രക്ഷാകർതൃത്വം, കുടുംബ പിന്തുണ, കുട്ടികളെ ദത്തെടുക്കലും പരിപാലനവും തുടങ്ങിയ പരിപാടികൾ അവർ സംഘടിപ്പിക്കുന്നു. ജീവിതത്തിൽ ചുവടുറപ്പിക്കുന്നതിന് കുട്ടികളെ താൽക്കാലിക അഭയ ഭവനങ്ങളിലോ, ഹ്രസ്വകാല താമസസ്ഥലങ്ങളിലോ (Short-stay-home) പാർപ്പിടമൊരുക്കുവാൻ സാമൂഹ്യ പ്രവർത്തകൻ തന്നെ മുൻകൈയെടുക്കുന്നു. അധ്യാപകർ, പോലീസ്, ആത്മീയ നേതാക്കൾ എന്നിവരുമായി ചേർന്ന് സാമൂഹ്യ പ്രവർത്തകർ അന്തർ-വൈജ്ഞാനിക പരിപാടികളും (interdisciplinary programmes) ഏറ്റെടുക്കുന്നു.

നിങ്ങൾ ചൈൽഡ് ലൈൻ എന്ന് കേട്ടിട്ടുണ്ടോ?

അവരുടെ ഹെൽപ്പ് ലൈൻ നമ്പർ നിങ്ങൾക്ക് അറിയാമോ?

- ......................................................................

ദുരുപയോഗത്തിൽ നിന്നും അവഗണനയിൽ നിന്നും കുട്ടികളെ സംരക്ഷിക്കാൻ സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം ഏകോപിപ്പിക്കുന്ന പരിപാടിയാണ് ചൈൽഡ് ലൈൻ. ഓരോ ജില്ലയിലും ചൈൽഡ് ലൈൻ കോർഡിനേറ്ററായി സാമൂഹ്യ പ്രവർത്തകൻ പ്രവർത്തിക്കുന്നു. ദുരിതമനുഭവിക്കുന്ന കുട്ടികൾക്ക് ശാരീരികവും മാനസികവുമായ പിന്തുണയും എല്ലാ തരത്തിലുമുള്ള സംരക്ഷണവും ലഭ്യമാക്കുന്നതിന് അവർ പോലീസുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള ധാരാളം നിർദേശങ്ങൾ ബാലനീതി നിയമത്തിൽ (2000) പ്രതിപാദിക്കുന്നുണ്ട്. നിയമവുമായി സംഘർഷത്തിലേർപ്പെടുന്ന കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. കുട്ടികളെ ഭയപ്പെടുത്താത്ത രീതിയിൽ അവർ വിചാരണ നടപടികൾ നടത്തുന്നു. ജുവനൈൽ ജസ്റ്റിസ് ബോർഡിൽ സാമൂഹ്യ പ്രവർത്തകർക്ക് നിർണായക സ്ഥാനമുണ്ട്. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുവാനുള്ള ശക്തമായ അധികാര കേന്ദ്രമായി ജില്ലാതലത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തിക്കുന്നു. ഈ കമ്മിറ്റി എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളിലും പരിചരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നു.

ബാലനീതി നിയമത്തിന്റെ മറ്റൊരു സംഭാവനയാണ് അഭയ ഭവനങ്ങൾ (Shelter homes). അടിയന്തര ശ്രദ്ധയും സംരക്ഷണവും ഹ്രസ്വകാല അഭയവും ആവശ്യമായവർക്ക് താൽകാലിക അഭയ ഭവനങ്ങൾ ഉണ്ട്. 'വളർത്തൽ സംരക്ഷണ' (Foster care) പ്രകാരം ഒരു കുട്ടിക്ക് ലഭിക്കേണ്ട ശ്രദ്ധയും പരിചരണത്തിനും അനുസൃതമായി ആ കുട്ടിയെ കുറച്ച് കാലയളവിൽ ഒരു കുടുംബത്തിലേക്ക് അയക്കുകയും അങ്ങനെ ഫലപ്രദമായ കുടുംബാന്തരീക്ഷരം കുട്ടിക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കൗൺസലർ, പ്രൊബേഷൻ ഓഫീസർ, സംഘ തെറാപ്പിസ്റ്റ്, കുടുംബ തെറാപ്പിസ്റ്റ്, കേസ് മാനേജർ തുടങ്ങിയ മേഖലകളിൽ സാമൂഹ്യ പ്രവർത്തകർ അവരുടെ തൊഴിൽപരമായ കഴിവുകളും വൈദഗ്ധ്യവും വിനിയോഗിക്കുന്നു.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുവാൻ ലഭ്യമായ സേവനങ്ങൾ എന്തൊക്കെയാണ്?
2. കുടുംബക്ഷേമ മേഖലയിൽ പ്രവർത്തിക്കുമ്പോൾ സാമൂഹ്യ പ്രവർത്തകർക്കുള്ള കടമകൾ എന്തൊക്കെയാണ്?

## 3.4 ദുരന്തനിവാരണത്തിലെ സാമൂഹ്യ പ്രവർത്തനവും പാരിസ്ഥിതിക സാമൂഹ്യ പ്രവർത്തനവും (Social work in Disaster management and Eco Social Work)

മനുഷ്യൻ നിലനിൽപ്പിനുവേണ്ടി അവന്റെ ചുറ്റുപാടിനെ ആശ്രയിക്കുന്നു. എന്നാൽ ആധുനിക മനുഷ്യൻ വികസനത്തിനുവേണ്ടി തന്റെ പരിസ്ഥിതിയിൽ മാറ്റങ്ങൾ വരുത്തി. പരിസറിതി സംരക്ഷണത്തിലും ദുരന്തം തടയുന്നതിലും സാമൂഹ്യ പ്രവർത്തകർക്ക് പങ്കുണ്ട്. അതുകൊണ്ട് തന്നെ ദുരന്ത നിവാരണവും പാരിസറിതിക സാമൂഹ്യ പ്രവർത്തനവും കാലിക പ്രാധാന്യമുള്ളതാണ്.

### A) ദുരന്ത നിവാരണവും സാമൂഹ്യ പ്രവർത്തനവും

ഈ ചിത്രങ്ങളിൽ നിങ്ങൾ എന്താണ് കാണുന്നത്?

- ..............................................................

ലോകത്താകമാനം ഏതുസമയത്തും ഇത്തരം ഒഴിവാക്കാനാവാത്ത അപകടങ്ങൾ സംഭവിക്കുന്നു. നമ്മൾ അവയെ 'ദുരന്തം' എന്ന് വിളിക്കുന്നു. സാരമായ ഭൗതിക നാശനഷ്ടം, അല്ലെങ്കിൽ ഗുരുതര പാരിസ്ഥിതിക മാറ്റങ്ങൾ എന്നിവയ്ക്ക് കാരണമാകുന്ന പ്രകൃത്യാസംഭവിക്കുന്നതോ മനുഷ്യനിർമിതമോ ആയ അപകടങ്ങളാണ് ദുരന്തം എന്ന് അറിയപ്പെടുന്നത്.



എല്ലാ തരത്തിലുള്ള ദുരന്തങ്ങളെയും തടയുവാൻ നമുക്ക് കഴിയില്ല. എന്നിരുന്നാലും പ്രതിസന്ധികളെ കൂടുതൽ ഫലപ്രദമായി നേരിടുന്നതിനും അപകടങ്ങൾ കുറയ്ക്കുവാനും നമുക്ക് കഴിയും. വെള്ളപ്പൊക്കം, വരൾച്ച, മിന്നൽ, കൊടുങ്കാറ്റ്, ഉരുൾപ്പൊട്ടൽ, ഭൂമികുലക്കം, അണക്കെട്ടുകളുടെ നാശം, സുനാമി, പകർച്ചവ്യാധികൾ, കാട്ടുതീ, ബോംബ് സ്ഫോടനം, വിഷമദ്യ ദുരന്തം, തിക്കിലും തിരക്കിലും പെട്ട് ആളുകൾക്ക് സംഭവിക്കുന്ന മരണം തുടങ്ങിയ അപകടങ്ങളെല്ലാം ദുരന്തം എന്ന പദത്തിൽ ഉൾപ്പെടുന്നു. ദുരന്തങ്ങൾ സംഭവിക്കുന്നത് കുറയ്ക്കുവാനും അതിന്റെ ആഘാതം ലഘൂകരിക്കുവാനുമാണ് ദുരന്ത നിവാരണം ഊന്നൽ കൊടുക്കുന്നത്. ദുരന്ത നിവാരണത്തിൻ സാമൂഹ്യ പ്രവർത്തകർക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. ഏകോപനം, പരിശീലങ്ങൾ, നിയമസഹായം, മധ്യസ്ഥം വഹിക്കൽ, നിയമസഹായ പ്രവർത്തനങ്ങൾ എന്നിവ ഇതിനാവശ്യമാണ്.

### ദുരന്തം നിയന്ത്രിക്കുന്നതിനുള്ള മുൻകരുതലുകൾ

ഈ ദുരന്തങ്ങളുടെ അനന്തരഫലങ്ങളെ നമുക്കെങ്ങനെ ലഘൂകരിക്കാം?

ദുരന്ത നിവാരണത്തിനുള്ള ചില മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂളിലും ഉന്നത വിദ്യാഭ്യാസ തലങ്ങളിലും പാഠ്യപദ്ധതിയുടെ ഭാഗമായി ദുരന്ത നിവാരണം ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുക.
2. പൊതുജനങ്ങളെ ദുരന്തം നേരിടുന്നതിനു വേണ്ടി ശാക്തീകരിക്കുവാൻ സമുദായം അടിസ്ഥാനമാക്കിയുള്ള ദുരന്ത തയ്യാറെടുപ്പും നിവാരണ പരിപാടികളും സംഘടിപ്പിക്കുക.
3. രക്ഷാപ്രവർത്തനം നടത്തുന്നതിനും പ്രഥമശുശ്രൂഷ നല്കുന്നതിനും കമ്മ്യൂണിറ്റിയെ പരിശീലിപ്പിക്കണം.
4. എൻ.സി.സി, എൻ.എസ്.എസ് മറ്റു സന്നദ്ധ സംഘടനകൾ എന്നിവയിലെ സന്നദ്ധ പ്രവർത്തകർക്ക് ദുരന്ത നിവാരണത്തിൽ പരിശീലനം കൊടുക്കാവുന്നതാണ്.



**നിങ്ങൾക്കറിയാമോ!**

ബഹു ദുരന്ത സാധ്യതാ സംസ്ഥാനമായിട്ടാണ് കേരളം കരുതപ്പെടുന്നത്. ദേശീയ ദുരന്തനിവാരണ നിയമം 2005 ചുവടു പിടിച്ച് സംസ്ഥാന സർക്കാർ, കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടങ്ങൾ (2007) പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ദുരന്തനിവാരണ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA), ഉന്നതതല തീരുമാനമെടുക്കാനുള്ള ഉന്നതതല സമിതിയായി പ്രവർത്തിക്കുകയും കേരളത്തിലെ എല്ലാവിധ ദുരന്തനിവാരണ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. ദുരന്ത നിവാരണത്തിന് ഒരു സംയോജിത സമീപനം കേരള ദുരന്തനിവാരണ നയം (2010) ലക്ഷ്യമിടുന്നു.

5) ദുരന്ത സാധ്യതാ പ്രദേശങ്ങളെപ്പറ്റിയുള്ള ഒരു ഭൂപടം തയാറാക്കുക.

6) ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള രക്ഷാകേന്ദ്രങ്ങൾ/ അഭയകേന്ദ്രം ഏർപ്പാടാക്കുക.

7) അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ പോലീസിനും ഫയർ ഫോഴ്സിനും ലഭ്യമാക്കേണ്ടതുണ്ട്.

8) ഭൂവിനിയോഗത്തെ സംബന്ധിച്ച നിയമങ്ങൾ കർശനമാക്കേണ്ടതുണ്ട്.

9) കെട്ടിട നിർമ്മാണ ചട്ടങ്ങൾ, പ്രത്യേകിച്ചും പരിസ്ഥിതിലോല പ്രദേശങ്ങളിലും ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലും കർശനമാക്കുക.

10) ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിന് വാർത്താവിനിമയ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

**ദുരന്ത നിവാരണത്തിലെ ഘട്ടങ്ങൾ**

1) ദുരന്തത്തിനു മുമ്പുള്ള ഘട്ടം- പ്രതിരോധം, ലഘൂകരണം, തയ്യാറെടുപ്പ്.

2) ദുരന്തപ്രതികരണ ഘട്ടം - ദുരിതാശ്വാസവും രക്ഷാപ്രവർത്തനവും.

3) ദുരന്തശേഷമുള്ള ഘട്ടം - വീണ്ടെടുക്കൽ, പുനരധിവാസം, പുനർനിർമാണം.


**നമുക്ക് പ്രവർത്തിക്കാം**



*2004 ഡിസംബർ 26 ന് തായ്‌ലാന്റിലെ മക്കാവു ബീച്ചിൽ നൂറുക്കണക്കിനാളുകളെ രക്ഷിച്ച ടില്ലി സ്മിത്ത് (സുനാമിയുമായി ബന്ധപ്പെട്ട ധീരയായ പെൺകുട്ടി) നെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.*

**B) പരിസ്ഥിതി സാമൂഹ്യ പ്രവർത്തനം (Eco Social Work)**

ഒരു മുതിർന്ന പൗരന് തന്റെ പേരക്കുട്ടികളോടുള്ള പരിദേവനം നമുക്കൊന്ന് കേൾക്കാം.



*"ആ പഴയ നല്ല നാളുകൾ ഞാൻ ഓർക്കുകയാണ്. പുഴയിലേക്ക് ഊളിയിട്ട് ഞങ്ങൾ മണിക്കൂറുകളോളം വെള്ളത്തിൽ മുങ്ങിക്കിടക്കുകയായിരുന്നു. ശുദ്ധജലം തൊടുമ്പോഴുള്ള തണുപ്പ് എന്റെ എല്ലാ ഇന്ദ്രിയങ്ങളെയും തണുപ്പിച്ചിരുന്നു.. പക്ഷെ ഇപ്പോൾ ........ ഓ ........അയ്യോ ........ ഇത് കണ്ടോ ........ എന്റെ പുഴ! ഇപ്പോൾ ഇല്ലാതായിരിക്കുന്നു.പാഴ്‌വസ്തുക്കൾ, ചെളി, കൂർത്ത കല്ലുകൾ, തുടങ്ങിയവയാൽ എന്റെ പുഴ നിറഞ്ഞിരിക്കുന്നു!"*









നദി മരണത്തിലേക്ക്/ അപചയത്തിലേക്ക് നയിക്കപ്പെട്ടത് എന്തുകൊണ്ടായിരിക്കുമെന്ന് നിങ്ങൾക്കറിയുമോ?

- ..............................................

വർദ്ധിച്ച തോതിലുള്ള കയ്യേറ്റങ്ങൾ, മണൽവാരൽ, മലിനീകരണം, അനധികൃത നിർമാണങ്ങൾ തുടങ്ങിയവ കാരണം നമ്മുടെ പുഴകൾ മരണമടഞ്ഞുകൊണ്ടിരിക്കുകയാണ്. പുഴ മാത്രമല്ല പ്രകൃതി തന്നെ മൊത്തത്തിൽ ഭീഷണിയിലാണ്. ഭൂമി നമ്മുടെ ഭവനമാണ്. ഭൂമിയിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവജാലങ്ങളുടെ ക്ഷേമത്തെ ആശ്രയിച്ചാണ് നമ്മുടെ മൊത്തം ജീവൻ നിലനിൽക്കുന്നത്. പ്രകൃതി ദിനം തോറും നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെ യുക്തിരഹിതമായ ഉപയോഗം കാരണം പ്രകൃതി വിഭവങ്ങളായ വായു, ജലം, മണ്ണ്, എന്നിവ നശിച്ചുകൊണ്ടേയിരിക്കുന്നു. ഇത് ആവാസ വ്യവസറയുടെ നാശത്തിലേക്കും വന്യജിവികളുടെ വംശനാശത്തിലേക്കും നയിക്കുന്നു. പ്രകൃതിയോടുള്ള അനഭിലഷണീയമായ ഇത്തരം ദ്രോഹങ്ങളാണ് പരിസ്ഥിതി അപചയം എന്നറിയപ്പെടുന്നത്.

വിനാശകരമായ വികസനവും നയരൂപീകരണത്തിന്റെ അഭാവവുമാണ് ഇന്ത്യയിലെ പരിസറിതി അപചയത്തിന്റെ കാരണങ്ങൾ. വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ നമ്മുടെ വായു, ജലം, മണ്ണ് എന്നിവയെ മലിനീകരിക്കുന്നു.

ആസൂത്രണമില്ലാത്ത നഗരവത്കരണം, പ്രത്യേകിച്ച് വികസ്വരരാജ്യങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനും ശുചിത്വമില്ലാത്ത ജീവിത സാഹചര്യം ഉയർന്നുവരുന്നതിനും വഴിയൊരുക്കുന്നു. ഇത് ഉയർന്നതോതിൽ ജനങ്ങളെ രോഗാവ





സറയിലേക്ക് തള്ളിവിടാനിടയാക്കുന്നു. കാലാവസറാമാറ്റം ആഗോളതാപനത്തിലേക്കും ഹരിതഗൃഹ പ്രഭാവത്തിലേക്കും നയിക്കുന്നു. ആഗോളതാപനം സമുദ്ര നിരപ്പ് ഉയർത്തുന്നതിന് കാരണമാവുകയും അത് സമുദ്ര ജീവികളെയും തീരപ്രദേശ ജീവിതത്തെയും ബാധിക്കുന്നു. സമുദ്ര നിരപ്പ് ഉയരുന്നത് മൂലം കര ഇടിയുകയും സമുദ്രതീരത്തിലെ ജീവികളുടെ ആവാസ വ്യവസറയെ നശിപ്പിക്കുകയും ചെയ്യുന്നു. വിവേകരഹിതമായ മണ്ണ് ഉപയോഗരീതികൾ, വർദ്ധിച്ച ഊർജ്ജ ഉപയോഗം, ഗതാഗതത്തിലെ വർദ്ധനവ് എന്നിവയും പരിസ്ഥിതി നാശത്തിന്റെ മറ്റു ഘടകങ്ങളാണ്.

വനനശീകരണവും വിഭവങ്ങളുടെ ദുർവിനിയോഗവും പാരിസറിതികമായി സമ്പന്നവും സുരക്ഷിതവുമായ ഗ്രഹത്തെ അതിന്റെ മരണത്തിലേക്ക് നയിക്കുന്നു. കീടനാശിനികളും രാസവളങ്ങളും ദോഷകരമായ രാസവസ്തുക്കളും വിഷമാലിന്യങ്ങളും ഒരു പ്രദേശത്തെ ജലത്തിൽ കലരുമ്പോൾ ജലം മലിനമാവുകയും രോഗങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. എല്ലാ പാരിസറിതിക പ്രശ്ങ്ങളും നമ്മുടെ ഗ്രഹത്തിലും അതിലെ നിവാസികളിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

ഭൂമിയെ രക്ഷിക്കുവാൻ നമുക്കെന്തൊക്കെ ചെയ്യാൻ കഴിയും?

- ..................................................................

ജനങ്ങൾക്കിടയിൽ ശരിയായ തരത്തിലുള്ള ചിന്ത, മനോഭാവം, പെരുമാറ്റ രീതികൾ എന്നിവ വികസിപ്പിച്ചുകൊണ്ട് മനുഷ്യനും അവന്റെ പരിസറിതിയും തമ്മിൽ ആരോഗ്യകരമായ ഒരു ബന്ധം വളർത്തിയെടുക്കുന്നതിൽ സാമൂഹ്യ പ്രവർത്തകർക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. ഇവയിൽ ചിലത് ചുവടെ ചേർക്കുന്നു.

1. ആരോഗ്യകരമായ മാലിന്യ നിർമ്മാർജ്ജനം, പുനരുപയോഗിക്കാൻ കഴിയുന്ന ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം എന്നിവയെ സംബന്ധിച്ച് ബോധവത്കരിക്കുക.
2. പുനഃചംക്രമണം നടത്തിയ ഉല്പന്നങ്ങൾ വാങ്ങാൻ പ്രേരിപ്പിക്കുക.
3. യാത്രകൾ, വാഹനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പുറന്തള്ളൽ എന്നിവ കുറയുന്നതിന് ഗതാഗതം മെച്ചപ്പെടുത്തൽ, പൊതു ഗതാഗതസംവിധാനം,സൈക്ലിംഗ്, കാൽ നടയാത്രകൾ എന്നിവ പ്രോത്സാഹിപ്പിക്കുക. കൂടാതെ സ്വകാര്യവാഹനങ്ങൾ ഉള്ളവർ ഒരേ ദിശയിലേക്ക് യാത്രചെയ്യാൻ ഒരു വാഹനം ഉപയോഗിക്കുന്ന രീതിയും അഭിലഷണീയമാണ്.
4. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആചരിക്കുക.
5. പരിസറിതി സംരക്ഷണത്തിനു വിഘാതമായ പ്രവർത്തനങ്ങളെ തടയുന്നതിനു വേണ്ടി ജനങ്ങളെ ഒരുമിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുക.
6. വനനശീകരണത്തിന് കടിഞ്ഞാണിടുകയും വനവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
7. വിവിധ നയങ്ങളും നിയമങ്ങളും നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

8. വിവിധ പരിസറിതി സംരക്ഷണ സംഘനകളായ ഗ്രീൻപീസ്, നർമ്മദ ബചാവോ ആന്ദോളൻ (എൻ.ബി.എ), വൺ എർത്ത് വൺ ലൈഫ്, സീക്ക്, ഗുഡ് എർത്ത്, പെരിയാർ സംരക്ഷണ സമിതി എന്നിവയുമായി സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. കേരളത്തിലെ ഏതെങ്കിലും നാല് പരിസറിതി സംഘനകളുടെ പേര് പറയുക.
2. ദുരന്ത നിവാരണത്തിൽ സാമൂഹ്യ പ്രവർത്തകന്റെ പങ്ക് തിരിച്ചറിയുക.

**നമുക്ക് പ്രവർത്തിക്കാം**



*ജലസംരക്ഷണത്തെക്കുറിച്ച് ഒരു സ്കിറ്റ് തയ്യാറാക്കുകയും അന്തർദേശീയ ജലദിനത്തിൽ അവതരിപ്പിക്കുകയും ചെയ്യുക.*

## 3.5 വയോജന സാമൂഹ്യ പ്രവർത്തനം (Gerentological Social Work)

നിങ്ങളിൽ എത്ര പേരുടെ വീട്ടിൽ മുത്തച്ഛന്മാരും മുത്തശ്ശിമാരുമുണ്ട്?. നിങ്ങളുടെ മുത്തച്ഛനും മുത്തശ്ശിയും നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്.

- ................................................................



മക്കളും പേരക്കുട്ടികളും ചുറ്റുമുള്ളതു കൊണ്ട് നിങ്ങളുടെ മുത്തച്ഛനും മുത്തശ്ശിയും ഭാഗ്യമുള്ളവരാണ്. എന്നാൽ ആധുനിക കാലത്ത് സംരക്ഷിക്കുവാൻ ആരുമില്ലാതെ ധാരാളം പേർ ഒറ്റപ്പെടുന്നു. ഇത്തരം സന്ദർഭങ്ങളിൽ സാമൂഹ്യ പ്രവർത്തകരുടെ ഇടപെടൽ അത്യാവശ്യമാകുന്നു. അവർ മുതിർന്നവരുടെ വ്യത്യസ്തമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നു.

ഒരു വ്യക്തിയിൽ ശാരീരികവും വൈകാരികവും സാമൂഹ്യവുമായ മാറ്റങ്ങളുടെ ഒരു പരമ്പരതന്നെ വാർദ്ധക്യത്തിൽ സംഭവിക്കുന്നു. കുറഞ്ഞ വരുമാനം, കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും വേർപാട് കൊണ്ടുണ്ടാകുന്ന ഏകാന്തത, ശാരീരികമായ രോഗങ്ങൾ എന്നിവ അവരുടെ ദുരിതം വർദ്ധിപ്പിക്കുന്നു. വൃദ്ധജനങ്ങൾ പ്രായാധിക്യ പ്രക്രിയയോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും വളരെ സജീവമായി തുടരുന്നതിനും സാമൂഹ്യ പ്രവർത്തകൻ പിന്തുണയും സേവനങ്ങളും ലഭ്യമാക്കുന്നു. സാമൂഹ്യ പ്രവർത്തകർ സമുദായത്തിലും സ്ഥാപനങ്ങളിലും അവരുമായി ചേർന്നു പ്രവർത്തിക്കുന്നു. തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലൂടെ സാമ്പത്തിക സുരക്ഷിതത്വവും സ്വാതന്ത്ര്യവും നിലനിർത്തുവാൻ വൃദ്ധരിൽ ശാരീരിക പ്രാപ്തിയുള്ളവരെ സാമൂഹ്യ പ്രവർത്തകർ സഹായിക്കുന്നു. ലഭ്യമായ സേവന

ങ്ങൾ പ്രത്യേകിച്ച് സാമ്പത്തിക സഹായം, പെൻഷൻ എന്നിവയെക്കുറിച്ചുള്ള വിവരം അവർക്ക് നൽകുന്നു. മുതിർന്നവർക്കുള്ള പകൽവീട്-സേവനങ്ങൾ ഉപയോഗപ്പെടുത്താൻ കുടുംബാംഗങ്ങൾക്ക് പ്രചോദനം കൊടുക്കുന്നു. മാരകരോഗം ബാധിച്ചവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കും ആശ്രിതരായവർക്കും സാന്ത്വനപരമായ പരിചരണം ലഭ്യമാക്കുന്നു. മാനസികരോഗം,അൾഷിമേഴ്സ്, ഡിമൻഷ്യ തുടങ്ങിയ രോഗബാധിതർക്കുള്ള പ്രത്യേക സേവനങ്ങളും ലഭ്യമാക്കുന്നു. സോഷ്യൽ കേസ്‌വർക്ക്, സോഷ്യൽ ഗ്രൂപ്പ്‌വർക്ക്, സോഷ്യൽ വെൽഫെയർ അഡ്മിനിസ്ട്രേഷൻ, സോഷ്യൽ വർക്ക് റിസർച്ച് തുടങ്ങിയ സാമൂഹ്യ പ്രവർത്തനത്തിന്റെ രീതികൾ ഇതിലേക്ക് ഉപയോഗപ്പെടുത്താം. വാർദ്ധക്യവുമയി ബന്ധപ്പെട്ട ഉത്കണ്ഠ, നിരുത്സാഹം, ദു:ഖഭാവം ഇവ കൈകാര്യം ചെയ്യുന്നതിന് മുതിർന്ന പൗരന്മാർക്ക് വിദഗ്ദരുടെ അഭിപ്രായവും കൗൺസലിംഗ് സേവനവും ലഭ്യമാക്കാവുന്നതാണ്.

**നിങ്ങൾക്കറിയാമോ!**

1947 ൽ ശരാശരി ആയുർദൈർഘ്യം 32 വയസ്സ് ആയിരുന്നത് 2011-ൽ 63.4 വയസ്സിലേക്ക് ഉയർന്നു. 2000 നും 2050 നും ഇടയിൽ ഇന്ത്യയിലെ ആകെ ജനസംഖ്യ 55% വളരുമെന്ന് പ്രതീക്ഷിക്കുന്നു. അതിൽ 60 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവർ 32.6% മായും 80 വയസ്സിനും അതിനുമുകളിലുമുള്ളവർ 70% മായും ഉയരുമെന്നു പ്രതീക്ഷിക്കുന്നു.

**നമുക്ക് പ്രവർത്തിക്കാം**



*നിങ്ങളുടെ ഗ്രാമത്തിലെ 10 മുതിർന്ന പൗരന്മാരെ സന്ദർശിക്കുകയും അവർ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കുവാൻ അവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുക. ഇതിനെ സംബന്ധിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.*

## 3.6 ഭിന്നശേഷിക്കാർക്കൊപ്പമുള്ള സാമൂഹ്യ പ്രവർത്തനം (Social Work with Differently Abled Persons)

നമുക്ക് ബാബുവിന്റെ അവസ്ഥ വായിക്കാം.

*45 വയസ്സു പ്രായമുള്ള ഐ ടി ജീവനക്കാരനായ ബാബുവിന്റെ ഒരു കാല് വാഹനാപകടത്തെ തുടർന്ന് മുറിച്ചു മാറ്റപ്പെട്ടു. ഈ സംഭവം അദ്ദേഹത്തെ കടുത്ത ദു:ഖത്തിലേക്ക് തള്ളിവിടുകയും അയാളുടെ കുടുംബാംഗങ്ങൾ പോലും സാഹചര്യത്തെ കൈകാര്യം ചെയ്യാനാകാതെ തീർത്തും നിരാശരായി ത്തീരുകയും ചെയ്തു.*



നിങ്ങൾ ഒരു സാമൂഹ്യ പ്രവർത്തകനാണെങ്കിൽ അയാളുടെ ജീവിതം ഫലപ്രദമാക്കാൻ എന്തൊക്കെ ചെയ്യും?

- ..............................................................

ശാരീരികവും മാനസികവുമായി പോരായ്മകൾ ഉള്ള വ്യക്തികൾക്ക് അവരുടെ നിത്യ ജീവിതത്തിൽ വ്യത്യസ്തമായ ഒരു കൂട്ടം ബുദ്ധിമുട്ടുകൾ നേരി

ടേണ്ടിവരുന്നു. വൈകല്യമുള്ള വ്യക്തിയെ പരമാവധി പ്രവർത്തനക്ഷമതയോടെ സാമൂഹ്യമായി മികച്ച വ്യക്തിയാക്കി മാറ്റണമെങ്കിൽ ചിട്ടയായ പരിശീലനവും പുനരധിവാസവും ആവശ്യമാണ്. ഇത് സാമൂഹ്യ പ്രവർത്തകരുടെ ഇടപെടൽ അത്യാവശ്യമാക്കി തീർക്കുന്നു. പേർസൺസ് വിത്ത് ഡിസബലിറ്റീസ് ആക്ട് 1995 പ്രകാരം അന്ധത, കാഴ്ചക്കുറവ്, ഭേദമാക്കപ്പെട്ടകുഷ്ഠം, കേൾവിത്തകരാർ, പേശീചലന വൈകല്യം, ബുദ്ധിമാന്ദ്യം, മാനസികരോഗം, എന്നിവ വൈകല്യത്തിൽ ഉൾപ്പെടുന്നു. 40 ശതമാനത്തിൽ കുറയാതെ വൈകല്യമുണ്ടെന്ന് ആരോഗ്യ ഉന്നതതലസംഘം സാക്ഷ്യപ്പെടുത്തുന്ന വ്യക്തികളെ വൈകല്യമുള്ളവരായി പരിഗണിക്കാവുന്നതാണ്.



വൈകല്യമുള്ള ഏതെങ്കിലും വ്യക്തിയെ സഹായിക്കുന്നതിന്റെ ആദ്യ ഘട്ടമെന്നത് ആ വ്യക്തിയിലെ ആവശ്യങ്ങളും അവശേഷിക്കുന്ന കഴിവുകളും വിലയിരുത്തുക എന്നതാണ്. ശാരീരികവും മാനസികവുമായ വൈകല്യവുമായി പൊരുത്തപ്പെടുവാൻ സേവന സ്വീകർത്താവിനെ സഹായിക്കുക എന്നതാണ് സാമൂഹ്യ പ്രവർത്തകരുടെ മറ്റൊരു കർത്തവ്യം. പുനരധിവാസ പാക്കേജ് ഏകോപിപ്പിക്കുകയാണ് അടുത്ത ഘട്ടം. ഒരു ജീവിതം കെട്ടിപ്പടുക്കുന്നതിനാവശ്യമായ പുതിയ കഴിവുകൾ ആർജ്ജിച്ചെടുക്കുന്നതിനും പുതിയ അവസറയുമായി സ്വയം പൊരുത്തപ്പെടുന്നതിനും പ്രത്യേക വിദ്യാഭ്യാസവും പരിശീലനവും വ്യക്തികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

ആരോഗ്യ പരവും സാമൂഹ്യപരവും, വിദ്യഭ്യാസപരവും മനശാസ്ത്രപരവുമായ സാധ്യതകളെ ഏകോപിപ്പിക്കുക വഴി ഒരു വ്യക്തിയുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാം. പുനരധിവാസത്തിൽ ആരോഗ്യം, തൊഴിൽ, സാമൂഹ്യം, വിദ്യാഭ്യാസം മനശാസ്ത്രം തുടങ്ങിയവ ഉൾപ്പെടണം. പുനരധിവാസത്തിന്റെ ഭാഗമായി സാധ്യമായ ജീവിത ക്ഷേമം നേടുന്നതിനും സാമ്പത്തികമായ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനും അവരെ സഹായിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ കഴിവും താല്പര്യവും അടിസ്ഥാനമാക്കിയാവണം തൊഴിൽ പരിശീലനം. സർക്കാരിൽ നിന്നും അതുപോലെ തന്നെ സർക്കാർ ഇതര ഏജൻസികളിൽ നിന്നുമുള്ള ക്ഷേമ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വൈകല്യമുള്ള വ്യക്തികളെ ബോധവത്കരിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. സമുദായ കേന്ദ്രീകൃതമായ പുനരധിവാസമാണ് അവരെ സഹായിക്കുന്നതിനുള്ള മാതൃകാ നടപടിയായി പരിഗണിക്കപ്പെടുന്നത്.

ചൂരൽ വേല, ആശാരിപ്പണി, തുന്നൽ, നെയ്ത്ത്, ബുക്ക് നിർമ്മാണം, പെയിന്റിംഗ്, ചിത്രരചന, അച്ചടി, തുടങ്ങിയ വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട പരിശീലനം വൈകല്യമുള്ള വ്യക്തികൾക്ക് കൊടുക്കാവുന്നതാണ്. ഉചിതമായ തൊഴിൽ ലഭിച്ചു എന്ന് ഉറപ്പുവരുത്തുകയും കൃത്യമായ രീതിയിൽ തുടർ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുമുണ്ട്.

കൗൺസലിംഗ്, ഗൈഡൻസ്, സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നിവയും ലഭ്യമാക്കുവാൻ സാമൂഹ്യ പ്രവർത്തകർക്ക് കഴിയും. സാമൂഹ്യ സുരക്ഷാ മാർഗങ്ങളായ വികലാംഗ പെൻഷനുകൾ, തൊഴിൽ സംവ

രണം, ലഭ്യമായ മറ്റു ആനുകൂല്യങ്ങൾ എന്നിവയും തൊഴിൽ സംവരണവും സാമൂഹ്യ സേവനങ്ങളായ, വസ്ത്രം, പാർപ്പിടം, കുറഞ്ഞ നിരക്കിലുള്ള ഭക്ഷണം എന്നിവയും ലഭ്യ മാക്കുവാൻ സാമൂഹ്യ പ്രവർത്തകർക്ക് കഴിയും.

**നമുക്ക് പ്രവർത്തിക്കാം.**

*ഭിന്നശേഷിക്കാരായ പ്രഗത്ഭ വ്യക്തികളെ ഉൾപ്പെടുത്തി ഒരു ചിത്ര ആൽബം തയ്യാറാ ക്കുക. അവരുടെ നേട്ടങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.*

## 3.7 എച്ച്.ഐ.വി/എയിഡ്സ് ബാധിതർക്കൊപ്പമുള്ള സാമൂഹ്യ പ്രവർത്തനം (Social Work with Persons Affected with HIV/AIDS)



*12 വയസ്സുകാരിയായ രമ്യ ഒരു വാഹന അപകടത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അവളുടെ ജീവൻ രക്ഷി ക്കുന്നതിനു വേണ്ടി 6 യൂണിറ്റ് രക്തം അവൾക്ക് നൽകി. ഒരു വർഷം കഴിഞ്ഞുള്ള പരിശോധനയിൽ അവൾ എച്ച്.ഐ.വി പോസിറ്റീവ് ആയി കാണപ്പെട്ടു. അവളുടെ രോഗത്തെക്കുറിച്ചുള്ള വാർത്ത കാട്ടുതീ പോലെ പടർന്നു. മറ്റു കുട്ടികളുടെ രക്ഷിതാ ക്കൾ അവരുടെ മക്കളെ അതേ സ്കൂളിൽ അയക്കുവാൻ മടി കാണിച്ചു. മറ്റു രക്ഷിതാക്കളുടെ സമ്മർദ്ദം കാരണം സ്കൂൾ അധികൃതർ കുട്ടിയെ സ്കൂളിൽ നിന്നും മാറ്റിനിർത്താൻ അവ ളുടെ അമ്മയെ ഉപദേശിച്ചു.*

ഈ സാഹചര്യത്തെ മറികടക്കുവാൻ രമ്യയെ നമുക്കെങ്ങനെ യൊക്കെ സഹായിക്കുവാൻ കഴിയും?

ഹ്യൂമൺ ഇമ്മ്യൂണോ വൈറസ് - എച്ച്.ഐ.വി. (Humon Immuno Virus- HIV)/അക്വേഡ് ഇമ്മ്യൂണോ ഡെഫിഷ്യൻസി സിൻഡ്രോം (Acquired Immuno Deficiency Syndrome) ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വെല്ലു വിളിയുയർത്തുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളിൽ ഒന്നാണ്. ഹ്യൂമൺ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ് കാരണമുണ്ടാക്കുന്ന മാരകമായ ശാരീരിക അവസ്ഥയാണ് എയ്ഡ്സ്. ഈ വൈറസ് ശരീരത്തിന്റെ രോഗ പ്രതിരോധ സംവിധാനത്തെ ആക്രമി ക്കുന്നു. അങ്ങനെ വ്യക്തിക്ക് ഏതു തരത്തിലുള്ള രോഗവും ബാധിക്കപ്പെടാനുള്ള സാധ്യത ഉണ്ടാവുന്നു. എച്ച്. ഐ. വി/എയ്ഡ്സ് രോഗബാധിതരായ ജനങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ ആഗോളതലത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

എച്ച്. ഐ.വി/ എയ്ഡ്സ് ബാധിതരോടുള്ള സമൂഹത്തിന്റെ മനോഭാവം പലപ്പോഴും പ്രതികൂലമാണ്. കുടുംബം, സമൂഹം, തൊഴിലിടം, സ്കൂൾ, ആരോഗ്യ പരിപാലന മേഖല എന്നിവിടങ്ങളിൽ വിവേചനം, മുദ്ര കുത്തൽ, നിരാകരണം എന്നിവ അവർ നേരിടുന്നു. ആരോഗ്യപരിപാലന രംഗത്തെ ഉദ്യോഗസ്ഥരുടെ പ്രതികൂലമായ മനോഭാവം എച്ച്. ഐ.വി/എയ്ഡ്സ് രോഗവുമായി ജീവിക്കുന്ന ധാരാളം വ്യക്തികളിൽ ഉത്കണ്ഠ വളർത്തുകയും ആരോഗ്യ പരിചരണം തേടുന്നതിൽ നിന്നും അവരെ പിൻതിരിപ്പിക്കു കയും ചെയ്യുന്നു. എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾ, അവർ എച്ച്.ഐ.വി ബാധിത

രാണെങ്കിലും അല്ലെങ്കിലും, വലിയ പ്രതിസന്ധികൾ നേരിടുന്നു. എച്ച്.ഐ.വി ബാധിതരുടെ മക്കൾക്ക് പലപ്പോഴും സ്കൂളിൽ പോകുവാനുള്ള അവകാശം നിഷേധിക്കപ്പെടുകയും മറ്റു കുട്ടികളിൽ നിന്നും മാറ്റി നിർത്തപ്പെടുകയും ചെയ്യുന്നു. രോഗബാധിതരുടെ ഭാര്യമാരെ സമൂഹം കുറ്റപ്പെടുത്തുന്നു. മാനസികാഘാതം ഉണ്ടാക്കുന്ന അനുഭവങ്ങൾ, ഉത്കണ്ഠ, പേടി, തിരസ്ക്കരണം എന്നിവയുടെ ഭയം മൂലം രോഗബാധിതർ അവന്റെ/ അവളുടെ എച്ച്.ഐ.വി ബാധിക്കപ്പെട്ട അവസ്ഥ രഹസ്യമാക്കി സൂക്ഷിക്കുന്നു. ഈ സാഹചര്യം സാമൂഹ്യ പ്രവർത്തകരുടെ ഇടപെടൽ അനിവാര്യമാക്കിത്തീർക്കുന്നു.

**നിങ്ങൾക്കറിയാമോ!**

**എച്ച്. ഐ.വി പകരുന്നത്.**

- സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം
- അണുബാധയുള്ള സൂചിയുടെ ഉപയോഗം
- അമ്മയിൽ നിന്നും കുഞ്ഞിലേക്ക് (ഗർഭം, പ്രസവം, മുലയൂട്ടൽ കാലയളവിൽ)
- ഒന്നിലധികം പങ്കാളികളുമായുള്ള ലൈംഗിക ബന്ധം.
- രക്തവും രക്ത ഉൽപ്പന്നങ്ങളുടെയും കൈമാറ്റം

എച്ച്.ഐ.വി വ്യാപനം തടയുന്നതിലെ പ്രധാന ഘടകമായ ബോധവത്ക്കരണ പ്രവർത്തനത്തിൽ സാമൂഹ്യ പ്രവർത്തകർക്ക് സവിശേഷമായ പങ്കുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ബോധവൽക്കരണം നൽകാവുന്നതാണ്. പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിലൂടെ പുതുതായി രോഗബാധയുണ്ടാകുന്ന സന്ദർഭങ്ങൾ തടയുന്നതിന് കഴിയും. ഇത് മുദ്രകുത്തലും വിവേചനവും കുറയ്ക്കുന്നതിന് സഹായിക്കുന്നു. അപകടകരമായ പെരുമാറ്റം ഒഴിവാക്കുന്നതിന് വേണ്ടി അവരെ പ്രചോദിപ്പിക്കുവാനും സാധിക്കും. എച്ച്.ഐ.വി. എന്താണ്, അത് പകരുന്ന വിധം, രോഗബാധിതനാകാതെ ഒരാൾക്ക് എങ്ങനെ സ്വയംസംരക്ഷിക്കാം, ഉത്തരവാദിത്തപൂർണമായ ലൈംഗിക ജീവിതം എങ്ങനെ നയിക്കാം, ഗർഭ നിരോധന ഉറയുടെ ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ പകർന്നു കൊടുക്കുവാനും കഴിയും.

എച്ച്.ഐ.വി പോസിറ്റീവായ വ്യക്തികൾക്ക് ബോധവത്ക്കരണം നൽകുക എന്നതും തുല്യ പ്രാധാന്യമർഹിക്കുന്നു. അവരുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമാകും. രോഗം മറ്റുള്ളവരിലേക്ക് പകരാതിരിക്കുന്നതിന് രോഗബാധിതരെ പ്രചോദിപ്പിക്കുവാൻ സാമൂഹ്യ പ്രവർത്തകന് കഴിയും. ആരോഗ്യ സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ സാമൂഹ്യ പ്രവർത്തകർക്ക് സാധിക്കും.ആന്റി റിട്രോവൈറൽ ചികിത്സകൊണ്ട് രോഗത്തിന്റെ പുരോഗതി കുറയുകയും ഏകദേശം സാധാരണ ആയുർദൈർഘ്യത്തിലേക്ക് നയിക്കുകയും ചെയ്യും. വൈകാരിക പിന്തുണയും കൗൺസലിംഗും അവർക്ക് ലഭ്യമാക്കണം. ആശ്രിതരായവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ പരിചരണം ലഭിക്കും.

സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി ലൈംഗിക വിദ്യാഭ്യാസവും എയ്ഡ്സ് ബോധവത്ക്കരണവും നടത്തുവാൻ സാമൂഹ്യ പ്രവർത്തകർ ശ്രമങ്ങൾ നടത്തണം. രോഗബാധിതരാവാൻ കൂടുതൽ സാധ്യതയുള്ള ലൈംഗിക തൊഴിലാളികൾ, കുത്തിവെയ്പ്പി

ലൂടെ ലഹരി ഉപയോഗിക്കുന്നവർ തുടങ്ങിയ സാമൂഹ്യ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ബോധവത്ക്കരണം കൊടുക്കുക എന്നതും വളരെ പ്രധാനപ്പെട്ടതാണ്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. വയോജനങ്ങളുടെ പ്രശ്നങ്ങൾ എന്തെല്ലാം?
2. വൈകല്യമുള്ളവർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവർ ആരൊക്കെ?
3. എച്ച്.ഐ.വി ബാധിതരെ ഒരു സോഷ്യൽ വർക്കർക്ക് എങ്ങനെയൊക്കെ സഹായിക്കുവാൻ കഴിയും?

**നമുക്ക് പ്രവർത്തിക്കാം**



*നിങ്ങളുടെ പ്രദേശത്തെ സ്പെഷ്യൽ സ്കൂൾ കുട്ടികൾക്കിടയിൽ അവരുടെ ആവശ്യങ്ങൾ തിരിച്ചറിയുന്നതിന് ഒരു പഠനം നടത്തുക.*

- *ലോക എയ്ഡ്സ് ദിനത്തിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടി എച്ച്.ഐ.വി/ എയ്ഡ്സിന്റെ വിവിധ വശങ്ങൾ ചിത്രീകരിക്കുന്ന പോസ്റ്ററുകൾ നിർമ്മിക്കുക.*

**നിങ്ങൾക്കറിയാമോ!**

എയിഡ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അന്തർദേശീയ, ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ ധാരാളം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. UNAIDS, NACO (നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ), KSACS (കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി) എന്നിവ അവയിൽ ചിലതാണ്. പുലരി, ഉഷസ്, പ്രത്യാശ, ജ്യോതിസ്, പ്രതീക്ഷ, സുരക്ഷ, സ്നേഹ എന്നിവ KSACS ന് കീഴിലുള്ള ചില പദ്ധതികളാണ്. എല്ലാ ജില്ലകളിലും CPK+ (കൗൺസിൽ ഓഫ് എച്ച്.ഐ.വി പോസിറ്റീവ് ഇൻ കേരള) പ്രവർത്തിക്കുന്നു. ഇത്തരം പദ്ധതികളിൽ കൗൺസിലറായും ഡയറക്ടർമാരായും കോ-ഓർഡിനേറ്റർമാരായും സാമൂഹ്യപ്രവർത്തകർ പ്രവർത്തിക്കുന്നു.

## 3.8 പാർശ്വവത്ക്കരിക്കപ്പെട്ടവർ, ദുർബല വിഭാഗങ്ങൾ എന്നിവർക്കിടയിലുള്ള സാമൂഹ്യപ്രവർത്തനം

**(Social Work with Marginalized and Vulnerable)**

നിങ്ങൾ ഗോത്രവർഗ്ഗക്കാരെ കുറിച്ച് കേട്ടിട്ടുണ്ടോ? ഗ്രാമങ്ങളിലും പട്ടണങ്ങളിലും താമസിക്കുന്നവരിൽ നിന്നും അവർ എങ്ങനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു?.

- ....................................................................

ആധുനിക ജീവിതത്തിന്റെ നിരവധി അവസരങ്ങൾ അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. അവകാശങ്ങൾ, അവസരങ്ങൾ, വിഭവങ്ങൾ എന്നിവയിൽ നിന്നും വ്യക്തികളോ, സമുദായം മൊത്തമായോ തടയപ്പെടുന്ന പ്രക്രിയയാണ് പാർശ്വവത്ക്കരണം അല്ലെങ്കിൽ സാമൂഹ്യമായ പുറന്തള്ളപ്പെടൽ. പാർപ്പിടം, തൊഴിൽ, ആരോഗ്യ സംരക്ഷണം, പൗരധർമ്മം, ജനാധിപത്യപരമായ പങ്കാളിത്തം എന്നിവ ഇവർക്ക് നിഷേധിക്കപ്പെടുന്ന വിഭവങ്ങളാകാം. ഈ വിഭവങ്ങൾ സാധാരണയായി സമൂഹത്തിലെ അംഗങ്ങൾക്ക് ലഭ്യമായിട്ടുള്ളതും സാമൂഹ്യ ഉദ്ഗ്രഥനത്തിൽ സുപ്രധാനവുമാണ്.



ഒരു വ്യക്തിയുടെ സാമൂഹ്യ നിലവാരം, വിദ്യാഭ്യാസ നിലവാരം, ഭൂമിശാസ്ത്രപരമായ പരിമിതികൾ എന്നിവയുടെ ഫലമായി പാർശ്വവത്ക്കരണം സംഭവിക്കാവുന്നതാണ്.

ആരൊക്കെ ഈ വിഭാഗത്തിൽ ഉൾപ്പെടുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

- ................................................................

പാർശ്വവത്ക്കരിക്കപ്പെട്ടവരിൽ വൈകല്യം ബാധിച്ചവർ, വൃദ്ധർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ സ്വവർഗനുരാഗിയായ സ്ത്രീ-പുരുഷ- ദ്വിലിംഗ- ഭിന്നലിംഗർ എന്നിവർ ഉൾപ്പെടുന്നു. ഒരു ജനതയുടെ വ്യവസ്ഥാപിതമായ മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിക്കുന്ന ആരും തന്നെ വ്യത്യസ്ത തരത്തിലുള്ള സാമൂഹിക ഒഴിവാക്കലിന് വിധേയമാകാവുന്നതാണ്. പാർശ്വവത്ക്കരിക്കപ്പെട്ട ജനതയോ വിഭാഗമോ അവർ ജീവിക്കുന്ന സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തിക സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിലെ പങ്കാളിത്തത്തിൽ നിന്നും പൂർണ്ണമായും തടയപ്പെടുന്നു. ഭൗതികമായ ഇല്ലായ്മ, സാമൂഹ്യമായ ഒഴിവാക്കൽ, മാനസിക ആഘാതം എന്നിവ പാർശ്വവത്ക്കരണ ഫലമായുണ്ടാകുന്നു.

ധാരാളം സമുദായങ്ങൾ സാമൂഹ്യമായ ഒഴിവാക്കൽ അനുഭവിക്കുന്നുണ്ട്. അതിന്റെ ഫലമായി അവർക്ക് ഭൂമി നഷ്ടപ്പെടുകയും ഉപജീവന മാർഗം നഷ്ടപ്പെടുകയും പരമദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുകയും തൊഴിൽ കമ്പോളത്തിൽനിന്ന് പുറന്തള്ളപ്പെടുകയും ചെയ്യുന്നു. വർഗ്ഗം, വരുമാനം, തൊഴിൽപദവി, സാമൂഹ്യ പദവി, ഭൂപ്രദേശം, വ്യക്തിഗതമായ ശീലങ്ങളും രൂപവും, വിദ്യാഭ്യാസം, മതം, രാഷ്ട്രീയചായ്‌വ് എന്നിവയിൽ നിന്നെല്ലാം പാർശ്വവത്ക്കരണം സംഭവിക്കാം. ദുർബലമായ സാമൂഹ്യക്ഷേമ സംവിധാനങ്ങളുള്ള രാജ്യങ്ങളിൽ തൊഴിലില്ലായ്മ, പാർശ്വവത്ക്കരണത്തിന്റെ പ്രധാന കാരണങ്ങളിലൊന്നായി കണക്കാക്കുന്നു. അതുപോലെ തന്നെ അപ്രാപ്യമായ പൊതുഗതാഗതം, മതശിക്ഷണത്തിൽ നിന്നുള്ള വ്യതിചലനം എന്നിവയും പാർശ്വവത്ക്കരണത്തിലേക്ക് നയിക്കപ്പെടുന്നു. പാർശ്വവത്ക്കരണം കുറ്റകൃത്യത്തിലേക്കും നയിച്ചേക്കാം. വലിയൊരു ജനതയെ അവർ ജീവിക്കുന്ന സമൂഹത്തിൽ വിലകല്പിക്കുന്നില്ല എന്നതിന്റെ പ്രതിഫലനമാണ് ഉയർന്നുവരുന്ന കുറ്റകൃത്യങ്ങൾ. പാർശ്വവത്ക്കരണത്തിൽ നിന്നുണ്ടാകുന്ന മനോ- വൈകാരിക ക്ഷതം ആത്മഹത്യ, ലഹരിക്ക് അടിമപ്പെടൽ എന്നിവയിലേക്ക് നയിക്കാവുന്നതാണ്.

ദുർബലത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?.

- ................................................................

അപകടത്തിന്റെ ആഘാതങ്ങളിൽ നിന്ന് മുക്തിനേടുവാനും പ്രതിരോധിക്കുവാനും പൊരുത്തപ്പെടുവാനും മുൻകൂട്ടി കാണുവാനും ഉള്ള വ്യക്തിയുടേയോ സംഘത്തിന്റെയോ കഴിവു കുറവിനെയാണ് ദുർബലത എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ദാരിദ്ര്യവും അതിന്റെ പൊതു അനന്തരഫലങ്ങളായ പോഷകാഹാരക്കുറവ്,പാർപ്പിടമില്ലായ്മ, ദരി

ദ്രമായ ഭവനം, അനാഥത്വം എന്നിവയൊക്കെയാണ് പ്രധാനമായും ദുർബലതയിലേക്ക് നയിക്കുന്നത്. വാസയോഗ്യമല്ലാത്ത പാർപ്പിടം, അപകടസാധ്യത, ആഘാതം അല്ലെങ്കിൽ സമ്മർദ്ദം എന്നീ അവസരങ്ങളിലെ അരക്ഷിതാവസ്ഥ, പ്രതിരോധമില്ലായ്മ, ഒറ്റപ്പെടൽ എന്നിവ ദുർബലതയിലേക്ക് എത്തിക്കാം.

ദുർബലരായി പരിഗണിക്കപ്പെടുന്നവർ ആരൊക്കെയാണ്.

- ......................................................................

കുട്ടികൾ, ഗർഭിണികൾ, സ്ത്രീകൾ, കുടുംബ പിന്തുണയില്ലാത്ത വൃദ്ധജനങ്ങൾ, പോഷകാഹാരക്കുറവുള്ള ജനങ്ങൾ,രോഗികളായവർ, മാറ്റി പാർപ്പിക്കപ്പെട്ട വിഭാഗം ( ഉദാ: ഭൂമികുലുക്കം, വെള്ളപ്പൊക്കം എന്നിവ കാരണം.) കുടിയേറ്റക്കാർ, മടങ്ങിവന്ന കുടിയേറ്റക്കാർ, വിധവകൾ, വൈകല്യം ബാധിച്ച വ്യക്തികൾ എന്നിവർ ഈ വിഭാഗത്തിൽ പെടുന്നു.

പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും ഇടയിൽ സാമൂഹ്യ പ്രവർത്തകരുടെ കർത്തവ്യം.

ഈ വിഭാഗത്തിൽ സാമൂഹ്യ പ്രവർത്തകരുടെ പങ്കെന്താണെന്ന് നമുക്ക് നോക്കാം.

i. ശ്രദ്ധയും കരുതലും സംരക്ഷണവും ലഭ്യമാക്കികൊണ്ട് പാർശ്വവത്ക്കരിക്കപ്പെട്ടതും ദുർബലരുമായ ജനവിഭാഗങ്ങളുമായി സാമൂഹ്യ പ്രവർത്തകൻ ബന്ധം സ്ഥാപിക്കുകയും ഈ ബന്ധം വഴി കാര്യക്ഷമമായി ദുർബലരെ സഹായിക്കുകയും ചെയ്യുക.

ii. പാർശ്വവത്ക്കരണത്തിലേക്ക് നയിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിയുക.

iii. പാർശ്വവത്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തിരിച്ചറിയുക.

iv. ജനങ്ങളുടെ ചരിത്രപരവും രാഷ്ട്രീയപരവും സാംസ്കാരികപരവുമായ പശ്ചാത്തലം പഠിക്കുക.

v. ഏത് തരക്കാരനാണെന്ന് സൂചിപ്പിക്കുന്ന പേരും പ്രയോഗവും മുദ്രകുത്തലും മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കാൻ പരിശ്രമിക്കുകയും അതിനനുയോജ്യമായ നയങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

vi. സാമൂഹ്യ പ്രവർത്തനത്തിന്റെ വിവിധ രീതികളിലൂടെ വ്യക്തികളെയും സംഘങ്ങളെയും കമ്മ്യൂണിറ്റികളെയും ശക്തിപ്പെടുത്തുക.

vii. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മനുഷ്യാവകാശങ്ങൾ പ്രോത്സാഹിക്കുന്നതിന് ബോധവത്ക്കരണം നടത്തുകയും, അതിനുവേണ്ടി വക്കാലത്ത് നടത്തുകയും ചെയ്യുക.

viii ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പാർശ്വവത്കരിക്കപ്പെട്ടവരുടെയും ദുർബല വിഭാഗങ്ങളുടെയും പുനരധിവാസത്തിനാവശ്യമായ തന്ത്രങ്ങൾ ആസൂത്രണം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്യുക.

### 3.9 മാനവ വിഭവശേഷി വികസനം (Human Resource Development)

''നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ ജനങ്ങളാണ്'', ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? മികച്ച വിദ്യാഭ്യാസമുള്ള, സാമൂഹ്യമായി പ്രതിബന്ധതയുള്ള, സംസ്കാരസമ്പന്നമായ, മൂല്യാധിഷ്ഠിതമായ ജനത്തിന് രാജ്യത്തെ വികസനത്തിന്റെ അത്യുന്നതിയിലേക്ക് നയിക്കുവാൻ കഴിയും. ഏതു രാഷ്ട്രത്തിന്റെയും യഥാർത്ഥ വിഭവം അവരാണ്; അതായത് മനുഷ്യ വിഭവം. അതുകൊണ്ട് മനുഷ്യ വിഭവം എന്ന പദം ഉപയോഗിക്കുന്നത് ഒരു കമ്പനിയിലോ, സംഘടനയിലോ പ്രവർത്തിക്കുന്നവരെ സൂചിപ്പിക്കുവാനാണ്. അമേരിക്കൻ തൊഴിൽ മേഖലയിൽ തൊഴിലാളി ബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചതോടെ 1960 കളിൽ അമേരിക്കയിൽ ഈ പദം ഉയർന്നു വരികയും പിന്നീട് ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്തു.



ഒരു കമ്പനിയുടെ ബലവും മുതൽക്കൂട്ടുമായ തൊഴിലാളികളുടെ മനുഷ്യവിഭവശേഷിയെ വർധിപ്പിക്കുന്നതു വഴി കമ്പനിയുടെ തന്നെ വികസനം സാധ്യമാകും. ഒരു കമ്പനി കൂടുതൽ വിജയപ്രദമാകുന്നത് അതിന്റെ തൊഴിലാളികൾ ഉൾപ്പെടെയുള്ള വിഭവങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യപ്പെടുമ്പോഴാണ്. കമ്പനിയുടെ ഉൽപ്പാദനം, സേവനങ്ങൾ, വില്പന അല്ലെങ്കിൽ ലാഭം എന്നിവയിലേക്ക് നേരിട്ട് സംഭാവന ചെയ്യുന്നില്ലെങ്കിൽ കൂടി ധാരാളം കമ്പനികൾക്ക് മാനവ വിഭവശേഷി വകുപ്പ് ഉണ്ടാകുന്നത് ഇതിനാലാണ്. ഇതിനെക്കാളുപരി ഫലപ്രദമായ മാനവ വിഭവശേഷി വകുപ്പ് കമ്പനിയിലെ ജീവനക്കാരെ അവരുടെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുവാൻ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും അത് അത്തരം കമ്പനികളുടെ വിജയത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഒരു വ്യക്തിക്ക് അവൻ/അവൾ ആദ്യമായി ജോലിയിൽ പ്രവേശിക്കുമ്പോഴുള്ള പരിശീലനവും പുതിയ കഴിവുകൾ പഠിക്കുവാൻ അവസരം ലഭ്യമാക്കുന്നതും മനുഷ്യവിഭവവികസനത്തിൽ ഉൾപ്പെടുന്നു. ഫലപ്രദവും കാര്യക്ഷമവുമായ തൊഴിൽ ശക്തി വളർത്തിയെടുക്കുവാൻ മനുഷ്യ വിഭവ വികസനം ഊന്നൽ നൽകുന്നത് കൊണ്ട് സംഘടനയ്ക്കും ഓരോ ജീവനക്കാർക്കും അവരുടെ തൊഴിൽ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുന്നു. ചുരുക്കത്തിൽ ശരിയായ ജീവനക്കാരെ തിരഞ്ഞെടുക്കൽ, അവരുടെ വേതനം, പരിശീലനം എന്നിവ ഉറപ്പുവരുത്തേണ്ടത് മനുഷ്യവിഭവ ശേഷി മാനേജരാണ്. ബിസിനസ്സ് സ്ഥാപനങ്ങളിൽ സോഷ്യൽ വർക്കർമാർ മനുഷ്യവിഭവ മാനേജർമാരായി ജോലിചെയ്യുന്നു. താഴെപറയുന്ന പ്രവൃത്തികൾ അവർ നടപ്പിലാക്കുന്നു.

i. ഒരു ജോലിക്ക് ഉതകുന്നയാളെ തിരഞ്ഞെടുത്ത് നിയമിക്കൽ, അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, ജീവനക്കാരുടെ വികസനവും പരിശീലനവും.

ii. തൊഴിൽ നിയമവും ക്ഷേമവും നടപ്പിലാക്കൽ.

iii. കമ്പനിയുടെ സി.എസ്.ആർ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സഹായിക്കൽ.

iv. സംഘടനാപരമായ ലക്ഷ്യങ്ങളോട് ക്രിയാത്മക സമീപനം വളർത്തിയെടുക്കുന്നതിനുവേണ്ടി പുതിയ ജീവനക്കാർക്ക് പരിശീലനം നൽകൽ.

v. ജീവനക്കാരുടെ ഒഴിവുകൾ തിരിച്ചറിയൽ, നിയമനം നടത്തൽ, അഭിമുഖം, അപേക്ഷകരെ തിരഞ്ഞെടുക്കൽ.

vi. തൊഴിൽ ശാലകളിലെ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിന് സാമൂഹ്യ പ്രവർത്തനത്തിന്റെ രീതികളായ സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, സോഷ്യൽ വെൽഫയർ അഡ്മിനിസ്ട്രേഷൻ എന്നിവ ഉപയോഗപ്പെടുത്തുന്നു.

vii. ജീവനക്കാരുടെ എണ്ണത്തിലെ കുറവ് കൈകാര്യം ചെയ്യുക, തർക്കങ്ങൾക്കിടയിൽ മധ്യസ്ഥത വഹിക്കുക, ജീവനക്കാരെ ശാസിക്കുക, അച്ചടക്ക നടപടികൾ സ്വീകരിക്കുക, ജീവനക്കാരുടെ ചുമതലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

viii. തൊഴിൽ ഉടമകൾ തമ്മിലുള്ള അല്ലെങ്കിൽ തൊഴിലാളികളും മാനേജർമാരും തമ്മിലുള്ള തർക്കങ്ങളും അതുപോലെ കമ്പനിക്കെതിരായ ജീവനക്കാരുടെ പരാതികളും പരിഹരിക്കുക.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. എന്താണ് പാർശ്വവത്ക്കരണം?
2. മനുഷ്യവിഭവത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

**നമുക്ക് പ്രവർത്തിക്കാം**



*ഏതെങ്കിലും ഒരു പാർശ്വവത്കൃത സംഘത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു കൊളാഷ് തയ്യാറാക്കുക.*

## 3.10 ഗ്രാമീണ നഗര സമൂഹ വികസനം (Rural and Urban Community Development)

രണ്ടുതരത്തിലുള്ള സമൂഹ വികസനമുണ്ട്. അവ:

A. ഗ്രാമീണ സമൂഹ വികസനം

B. നഗര സമൂഹ വികസനം

### A. ഗ്രാമീണ സമൂഹ വികസനം (Rural Community Development)

ലോകത്തിലെ ഏറ്റവും വലിയ തൊഴിൽ ദാനപദ്ധതി ഏതാണെന്ന് നിങ്ങൾക്കറിയാമോ?

- ..................................................................

ഇന്ത്യയുടെ അഭിമാനാർഹമായ ഗ്രാമീണ സാമൂഹിക വികസന സംരംഭമാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGP). സമാനമായ മറ്റു നിരവധി പദ്ധതികൾ ഇന്ത്യയിലുണ്ട്. ഗ്രാമീണ ജീവിതത്തെ പുനർരൂപീകരിക്കുവാൻ ഈ പദ്ധതികൾ ലക്ഷ്യമിടുന്നു. സ്വന്തം പ്രദേശങ്ങളിലെ മാറ്റത്തിന്റെ വക്താക്കളായി പ്രവർത്തിക്കുന്നതിനാവശ്യമായ കഴിവുകൾ ലഭ്യമാക്കി വ്യക്തികളെയും സംഘങ്ങളെയും ശാക്തീകരിക്കാനുള്ള ശ്രമങ്ങൾ ഇവർ ആരായുന്നു. ഇന്ത്യയിലെ തുടർ പഞ്ചവത്സര പദ്ധതികളുടെ മുഖ്യ ആശങ്കകളിലൊന്ന് സാമൂഹിക വികസനമായിരുന്നു. ജനസംഖ്യയുടെ ഭൂരിഭാഗവും, ഏകദേശം 65% ജനങ്ങളും താമസിക്കുന്നത് ഗ്രാമീണ മേഖലയിലാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുമായി ബന്ധപ്പെട്ട വളരെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് ഗ്രാമീണ വികസനം. വേതനവും സ്വയം തൊഴിലുമായി ബന്ധപ്പെട്ട നൂതന പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുക, ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മാർജ്ജനം ചെയ്യുക എന്നിവയ്ക്കാണ് ഇന്ത്യയിലെ



ഗ്രാമീണ വികസനം ഊന്നൽ കൊടുക്കുന്നത്. കുടിവെള്ളം, വൈദ്യുതി, റോഡ് ബന്ധം, ആരോഗ്യ സൗകര്യങ്ങൾ, ഗ്രാമീണ പാർപ്പിടം, വിദ്യാഭ്യാസം, പഞ്ചായത്തീരാജ് സംവിധാനങ്ങളെ ശക്തിപ്പെടുന്നതിന് വേണ്ടി അധികാര വികേന്ദ്രീകരണം പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് ഗ്രാമ വികസനം അവസരമൊരുക്കുന്നു. ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി മാത്രമെ ഗ്രാമീണ വികസനം കൂടുതൽ ഫലപ്രദമാക്കാൻ കഴിയൂ.

### നിങ്ങൾക്കറിയാമോ!

**നമ്മുടെ രാജ്യത്തെ വിവിധ സാമൂഹ്യ വികസന പരിപാടികൾ.**

- സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്കാർ യോജന (SGSY)
- മഹാത്മഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി പ്രോഗ്രാം (MGNREGP)
- സമഗ്ര ആവാസ് യോജന (SAY)
- ഇന്ദിര ആവാസ് യോജന (IAY)
- നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം (NOAPS)
- നാഷണൽ മെറ്റേർണിറ്റി ബെനിഫിറ്റ് സ്കീം (NMBS)
- പ്രൈം മിനിസ്റ്റേർസ് ഗ്രാമ സഡക് യോജന (PMGSY)
- പ്രൊവിഷൻ ഓഫ് അർബൻ ഫെസിലിറ്റിസ് ഇൻ റൂറൽ ഏരിയാസ് (PURA)
- രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ (RGNDWM)

ഗ്രാമങ്ങളിലെ പാവപ്പെട്ടവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാനാണ് ഗ്രാമീണ വികസന മന്ത്രാലയം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ൽ ആരംഭിച്ചത്. ഗ്രാമീണ മേഖലകളുടെ വികസനത്തിനു വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളായ കൃഷി, ആരോഗ്യം, കുടുംബക്ഷേമം, പുതിയതും പുനരുജ്ജീവിപ്പിക്കാവുന്നതുമായ ഊർജ്ജം, ശാസ്ത്ര സാങ്കേതികം, സ്ത്രീ-ശിശുവികസനം, ആദിവാസി ക്ഷേമകാര്യങ്ങൾ തുടങ്ങിയവ നേരിട്ടോ അല്ലാതെയോ നിരവധി പരിപാടികളും പദ്ധതികളും നടപ്പിലാക്കി വരുന്നു.

## B. നഗര സമൂഹ വികസനം (Urban Community Development)

ഗ്രാമീണ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. നഗര ജീവിതവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ തിരിച്ചറിയുവാൻ നിങ്ങൾക്ക് കഴിയുമോ? ചിത്രം നിരീക്ഷിച്ച് നിങ്ങളുടെ നിഗമനം എഴുതുക.

- ................................................................



നഗരജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങൾക്കും മീതെ എണ്ണമറ്റ പ്രശ്നങ്ങളും നഗര സമൂഹത്തിൽ നിലനിൽക്കുന്നു. നഗരമേഖലയിലെ ഒരു വലിയ ജനവിഭാഗം പാർപ്പിടമില്ലായ്മ, ആരോഗ്യ പ്രശ്നങ്ങൾ, മലിനീകരണം, ആക്രമം, മോശമായ പാർപ്പിടം എന്നീ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഭവനരഹിതരായ ആളുകൾ നിരന്തരമായി രോഗ ഭീഷണി നേരിടുന്നവരും കുറഞ്ഞ ആയുർ ദൈർഘ്യമുള്ളവരുമായി കാണപ്പെടുന്നു. ദാരിദ്ര്യവും സാമൂഹിക അനൈക്യവും നഗരങ്ങളിലെ വർദ്ധിച്ച തോതിലുള്ള അതിക്രമങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും കാരണമാകുന്നു. വരുമാന വിതരണത്തിലെ അസമത്വം, തെറ്റായ സാമൂഹ്യ-സാമ്പത്തിക നയങ്ങൾ എന്നിവയുടെ പരിണത ഫലങ്ങളാണ് ഈ പ്രശ്നങ്ങൾ.

നഗരവികസനത്തിനുവേണ്ടി യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം(UNDP) താഴെ പറയുന്ന വ്യവസ്ഥകൾ നിർദേശിച്ചിട്ടുണ്ട്.

i. നഗരത്തിലെ ദരിദ്രർക്ക് ഭവന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.

ii. അടിസ്ഥാന നഗര സേവനങ്ങളായ വിദ്യാഭ്യാസം, പ്രാഥമിക ആരോഗ്യപരിപാലനം, ശുദ്ധമായ ജലവും പൊതുശുചിത്വവും ലഭ്യമാക്കൽ.

iii. അടിസ്ഥാന സേവനങ്ങളും സർക്കാർ സൗകര്യങ്ങളും സ്ത്രീകൾക്കുകൂടി ലഭ്യമാകുന്ന അവസ്ഥ ഉറപ്പാക്കുക.

iv. ബദൽ ഗതാഗത സംവിധാനവും, ഊർജ്ജ ഉപഭോഗവും നവീകരിക്കുക.

v. വായു മലിനീകരണം കുറയ്ക്കുക.

**നിങ്ങൾക്കറിയാമോ!**

**നമ്മുടെ രാജ്യത്തെ വിവിധ നഗരവികസന പരിപാടികൾ**

- ജവഹർലാൽ നെഹ്റു നാഷണൽ അർബ്ബൻ റിന്യൂവൽ മിഷൻ (JNNURM)
- അർബ്ബൻ ഇൻഫ്രാസ്ട്രെക്ച്ചറൽ ഡെവലപ്പ്മെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT)
- കൺസർവേഷൻ ആന്റ് റിസ്റ്റോറേഷൻ ഓഫ് വാട്ടർ ബോഡീസ് ഇൻ അർബ്ബൻ ഏരിയാസ് (CRWUA)
- ഹൗസിംഗ് ആന്റ് അർബ്ബൻ ഡെവലപ്പ്മെന്റ് പ്രോഗ്രാംസ് ഇൻ ഇന്ത്യ. (HUDPI)
- നോർത്ത് ഈസ്റ്റേൺ റീജിയൻ അർബ്ബൻ ഡെവലപ്പ്മെന്റ് പ്രോഗ്രാം (NERUDP)

**സമൂഹ വികസനത്തിൽ സാമൂഹ്യ പ്രവർത്തകരുടെ കർത്തവ്യങ്ങൾ**

സമൂഹ വികസനത്തിൽ സാമൂഹ്യ പ്രവർത്തകരുടെ പങ്ക് താഴെ പറയുന്നു.

i. ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സമൂഹത്തെ സംഘടിപ്പിക്കുക.

ii. സാമൂഹ്യ വികസന പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുക.

iii. വികസന പദ്ധതികളുടെ രൂപീകരണവും അവ നടപ്പിലാക്കലും.

iv. സാമുദായിക സൗഹാർദ്ദത്തിന് അവസരമൊരുക്കുക.

v. സ്ത്രീകളെയും കുട്ടികളെയും യുവാക്കളെയും ശാക്തീകരിക്കുക.

vi. സാമൂഹ്യ സർവേകളും ഗവേഷണങ്ങളും സംഘടിപ്പിക്കുക.

## 3.11 മനുഷ്യാവകാശം (Human Rights)

ഇന്ത്യക്കാരെന്ന നിലയിൽ നമ്മൾ ചില മൗലികാവകാശങ്ങൾ ആസ്വദിക്കുന്നു. നമ്മുടെ വികസനത്തിന് ഇത്തരം അവകാശങ്ങൾ അത്യാവശ്യമാണ്. എന്തൊക്കെയാണ് അവ?

- ..................................................................

ജീവിക്കാനും, സ്വാതന്ത്ര്യത്തിനും, അഭിപ്രായ പ്രകടനത്തിനും, വിശ്വാസത്തിനും, വിദ്യാഭ്യാസത്തിനുമുള്ള അവകാശങ്ങളാണവ. സമൂഹത്തിൽ ഒരു വ്യക്തിക്ക് നീതിയുക്തവും

അഭിമാനകരവുമായ ജീവിതം നയിക്കുന്നതിനാവശ്യമായ അടിസറാന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.




ഇത്തരം അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് നമുക്ക് സഹിക്കുവാൻ കഴിയുമോ?

എന്നാൽ ലോകത്താകമാനം ഇത് സംഭവിക്കുന്നു. മനുഷ്യസമൂഹത്തിലെ ഒരംഗം എന്ന നിലയിൽ മനുഷ്യന്റെ ജീവിതത്തെ മെച്ചപ്പെടുത്തുന്ന ചില അവകാശങ്ങൾ ഉണ്ട്. മനുഷ്യന്റെ അന്തസ്സുമായി മനുഷ്യാവകാശങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ജാതി, വർഗ്ഗം, ദേശം, നിറം, മതം, സാമൂഹ്യവും സാമ്പത്തികവുമായ നിലവാരം എന്നിവയുടെ അടിസറാനത്തിൽ ലോകത്തിന്റെ പലഭാഗങ്ങളിലും വിവേചനം ഇപ്പോഴും നിലനിൽക്കുന്നു. ബാലപീഢനം, ബാലവേല, തൊഴിലാളികളോടുള്ള ചൂഷണം, സ്ത്രീധന സമ്പ്രദായം, ശൈശവ വിവാഹം, ഉദ്യോഗസ്ഥരുടെ അഴിമതി എന്നീ സാമൂഹ്യ തിൻമകൾ ഇന്ന് ലോകത്തെങ്ങും കണ്ടുവരുന്നു. ഇവയെല്ലാം ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നു.

മനുഷ്യാവകാശ ലംഘനങ്ങൾ വർദ്ധിച്ചുവരുന്ന ഒരു ലോകത്ത് മനുഷ്യാവകാശങ്ങൾ ഉയർത്തിക്കൊണ്ടുവരുവാൻ സാമൂഹ്യപ്രവർത്തകർ പ്രധാന പങ്കുവഹിക്കുന്നു. വിവിധ സാമൂഹ്യ പ്രവർത്തന രീതികളുടെ പ്രയോഗത്തിലൂടെ വ്യക്തികളുടെയും സംഘങ്ങളുടെയും സമൂഹത്തിന്റെയും അവകാശങ്ങൾ തിരിച്ചറിയുവാൻ സാമൂഹ്യ പ്രവർത്തകർ അവരെ സഹായിക്കുന്നു.

അവകാശാധിഷ്ഠിത സമീപനമാണ് ഇന്ന് സാമൂഹ്യ പ്രവർത്തനം പിന്തുടരുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ മൂന്ന് അവകാശങ്ങൽ ഉൾപ്പെടുന്നു. അവർ ഇക്കാര്യത്തിൽ ഒരു മാർഗരേഖനൽകുന്നു. മനുഷ്യാവകാശ പ്രവർത്തകർ എന്ന നിലയിൽ സാമൂഹ്യ പ്രവർത്തകർക്ക് താഴെപറയുന്ന രീതിയിൽ ആളുകളെ സഹായിക്കുവാൻ കഴിയും.

i. അവന്റെ/ അവളുടെ അവകാശങ്ങൾ തിരിച്ചറിയുവാൻ വ്യക്തിയെ സഹായിക്കുക.

ii. പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തിനും പിന്നോക്കാവസ്ഥയിലുള്ള വിഭാഗത്തിനും വേണ്ടി വാദിക്കുക.

iii. വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യപരിപാലനം തുടങ്ങിയ സേവനങ്ങൾ എല്ലാവർക്കും പ്രാപ്യമാക്കുക.

iv. ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും, അനീതിക്കെതിരെ പോരാടുന്നതിനും വേണ്ടി സമൂഹത്തിന്റെ കാര്യക്ഷമത പരിപോഷിപ്പിക്കുക.

v. പദ്ധതിയും നയങ്ങളും ആവിഷ്ക്കരിക്കുക.

vi. സാമൂഹ്യനീതി പരിപാടികൾ നിർവ്വഹിക്കുക.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. MGNREGP യുടെ പൂർണ്ണരൂപം എഴുതുക.
2. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സോഷ്യൽ വർക്കറുടെ ഏതെങ്കിലും രണ്ട് കടമകൾ സൂചിപ്പിക്കുക.

**നമുക്ക് പ്രവർത്തിക്കാം**



*മനുഷ്യാവകാശ സംരക്ഷണത്തെ സംബന്ധിച്ച് കുറച്ച് പോസ്റ്ററുകൾ തയ്യാറാക്കുക.*

## നമുക്ക് സംഗ്രഹിക്കാം

സാമൂഹ്യപ്രവർത്തനത്തിന്റെ വിവിധ മേഖലകൾ, ഇത്തരം മേഖലകളിലെ സാമൂഹ്യ പ്രവർത്തകന്റെ കർത്തവ്യം, സാമൂഹ്യപ്രവർത്തന രീതികളുടെ പ്രയോഗം എന്നിവ ഈ അധ്യായത്തിൽ നാം ചർച്ച ചെയ്തു . ആശുപത്രികൾ, മനോരോഗ ക്ലിനിക്കുകൾ, നഗര-ഗ്രാമീണ വികസനം, സ്കൂൾ, വ്യവസായം, തിരുത്തൽ സ്ഥാപനങ്ങൾ, പ്രകൃതി സംരക്ഷണവും ദുരന്തനിവാരണവും, മനുഷ്യവകാശ സംരക്ഷണം തുടങ്ങിയവ സാമൂഹ്യ പ്രവർത്തന മേഖലകളിൽ ചിലതാണ്. സാമൂഹ്യപ്രവർത്തകർ ആരോഗ്യ സോഷ്യൽ വർക്കർ, മനോരോഗ സോഷ്യൽ വർക്കർ, സ്കൂൾ സോഷ്യൽ വർക്കർ എന്നിങ്ങനെ അവർ പ്രവർത്തിക്കുന്ന മേഖലകൾക്കനുസരിച്ച് വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു.

ആശുപത്രി മേഖലയിലെ സോഷ്യൽ വർക്കർ രോഗിയുടെ സാമൂഹ്യവും, വൈകാരികവും, സാമ്പത്തികവും, മനശാസ്ത്രപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നു. മനോരോഗ വിദഗ്ധൻ, ക്ലിനിക്കൽ മനശാസ്ത്രജ്ഞൻ, മനോരോഗ നഴ്സ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, വൊക്കേഷണൽ തെറാപ്പിസ്റ്റ് എന്നിവർ ഉൾപ്പെടുന്ന ഒരു ബഹുമുഖ വിദഗ്ധ സംഘത്തിലെ അംഗമായി സൈക്ക്യാട്രിക് സോഷ്യൽവർക്കർ പ്രവർത്തിക്കുന്നു. എല്ലാ വിദ്യാർത്ഥികളുടെയും, പ്രത്യേകിച്ച് പിന്നോക്കം നിൽക്കുന്നവരുടെ പരമാവധി വികസനമാണ് സ്കൂൾ സോഷ്യൽവർക്കിന്റെ ലക്ഷ്യം. ഒരു സ്ഥാപനത്തിലെ മനുഷ്യബന്ധങ്ങളുടെ ഗുണനിലവാരവും സാമൂഹ്യ അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ സാഹചര്യവുമായി മെച്ചപ്പെട്ടരീതിയിൽ യോജിച്ച് പോകുന്നതിന് വ്യക്തികളെയും സംഘങ്ങളെയും ചിട്ടയായ രീതിയിൽ സഹായിക്കുകയും ചെയ്യുന്നതാണ് ഇൻഡസ്ട്രിയൽ സോഷ്യൽവർക്ക്. നിയമനടപടികൾ നേരിടുന്ന കുറ്റവാളികളെ നവീകരിക്കുന്നതിനാണ് തിരുത്തൽ സ്ഥാപനങ്ങൾ ഊന്നൽ കൊടുക്കുന്നത്. ചിട്ടയായ പുന

രധിവാസ തന്ത്രങ്ങൾ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സഹായിക്കുന്നു. കുട്ടികളുടെയും സ്ത്രീകളുടെയും കുടുംബങ്ങളുടെയും കഴിവുകളുടെ സാധ്യമായതിന്റെ പരമാവധി വികസനത്തിനു സഹായിക്കുന്ന വിവിധ പരിപാടികൾ കുടുംബ ശിശുക്ഷേമ ഏജൻസികളിലെ സോഷ്യൽവർക്കർ ഏറ്റെടുക്കുന്നു.

ദുരന്തനിവാരണ മേഖലയിലെ സോഷ്യൽവർക്കർക്ക് ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും പ്രതിസന്ധികളെ കൂടുതൽ ഫലപ്രദമായി തരണം ചെയ്യുന്നതിനും പ്രധാനപങ്ക് വഹിക്കാൻ കഴിയും. മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിൽ ആരോഗ്യകരമായ ബന്ധം വളർത്തിയെടുക്കുന്നതിന് സോഷ്യൽ വർക്കർ വിവിധ തന്ത്രങ്ങൾ സ്വീകരിക്കുകയും ജനങ്ങൾക്കിടയിൽ ശരിയായ ചിന്താഗതിയും മനോഭാവവും പരിസറിതി സൗഹാർദമായ സ്വഭാവരീതികളും വളർത്തിയെടുക്കുകയും ചെയ്യുന്നു. മുതിർന്ന പൗരന്മാർക്ക് ഊർജ്ജസ്വലത നിലനിർത്തുന്നതിനും വാർദ്ധക്യത്തോട് ഫലപ്രദമായി പ്രതികരിക്കുന്നതിനും വയോജന സോഷ്യൽ വർക്കർ പിന്തുണയും സേവനവും ലഭ്യമാക്കുന്നു.

പേഴ്സൺസ് വിത്ത് ഡിസബലിറ്റീസ് ആക്ട് 1995 പ്രകാരം അന്ധത, കാഴ്ചക്കുറവ്, ഭേദമാക്കപ്പെട്ട കുഷ്ഠം, കേൾവിത്തകരാറ്, പേശീചലന വൈകല്യം, ബുദ്ധിമാന്ദ്യം, മാനസികരോഗം എന്നിവ വൈകല്യത്തിൽ ഉൾപ്പെടുന്നു. വൈകല്യമുള്ള ഒരു വ്യക്തിയെ പരമാവധി പ്രവർത്തനക്ഷമതയോടെ സാമൂഹ്യമായി ഉല്പാദന ക്ഷമതയുള്ള വ്യക്തിയായി മാറ്റിയെടുക്കുന്നതിനു വേണ്ടി ചിട്ടയായ പരിശീലനവും പുനരധിവാസവും ലഭ്യമാക്കുവാൻ ആ മേഖലയിലെ സാമൂഹ്യപ്രവർത്തകർ ശ്രമിക്കുന്നു. എയിഡ്സിനെ സംബന്ധിച്ച അവബോധം വളർത്തിയെടുക്കുന്നതിനും അത്തരം വ്യക്തികളോട് അനുകൂലമായ മനോഭാവം വികസിപ്പിക്കുന്നതിനും അവരെ പുനരധിവാസിപ്പിക്കുന്നതിനും സാമൂഹ്യ പ്രവർത്തകർക്ക് നിർണ്ണായകമായ പങ്കാണ് ഉള്ളത്. കുടുംബം, സമൂഹം, തൊഴിലിടം, സ്കൂൾ, ആരോഗ്യ പരിപാലന മേഖല എന്നിവിടങ്ങളിൽ നിന്നുള്ള വിവേചനം, വിദ്വേഷം, ഒറ്റപ്പെടുത്തൽ എന്നിവ തുടച്ചു നീക്കുവാൻ അവർ പ്രവർത്തിക്കുന്നു. വിശകലനം, ബോധവൽക്കരണം, അഭിഭാഷണം, പുനരധിവാസ തന്ത്രങ്ങൾ എന്നിവയിലൂടെ പാർശ്വവത്കരിക്കപ്പെട്ടതും ദുർബലരുമായ വ്യക്തികളെയും സംഘങ്ങളെയും, സമൂഹങ്ങളെയും ശാക്തീകരിക്കുന്നതിൽ സാമൂഹ്യപ്രവർത്തകൻ പ്രധാന പങ്ക് വഹിക്കുന്നു.

ഒരു സംഘടനയിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവമായ മനുഷ്യ വിഭവത്തെ വികസിപ്പിച്ചെടുക്കുവാൻ സാമൂഹ്യപ്രവർത്തകൻ ഊന്നൽ കൊടുക്കുന്നു. നഗര-ഗ്രാമീണ മേഖലകളിലെ ജന പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ നഗര-ഗ്രാമീണ സാമൂഹ്യവികസനം പരിശ്രമിക്കുന്നു. മനുഷ്യാവകാശവുമായി ബന്ധപ്പെട്ട തൊഴിൽ എന്ന നിലയിൽ ജീവിതത്തിന്റെ നാനാ തുറകളിൽ നിന്നുള്ള ജനങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും സോഷ്യൽ വർക്കർ സഹായിക്കുന്നു. അങ്ങനെ സോഷ്യൽ വർക്കർമാർ ഇത്തരം മേഖലകളിൽ സേവന സ്വീകർത്താവിനെ സഹായിക്കുന്നതിനു വേണ്ടി സോഷ്യൽ കേസ്വർക്ക്, സോഷ്യൽ ഗ്രൂപ്പ്വർക്ക്, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ, സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ അഡ്മിനിസ്ട്രേഷൻ, സോഷ്യൽ വർക്ക് റിസർച്ച് തുടങ്ങിയ രീതികൾ പ്രയോഗിക്കുന്നു.

## പഠനനേട്ടങ്ങൾ

സാമൂഹ്യപ്രവർത്തനത്തിന്റെ വിവിധ പ്രായോഗിക മേഖലകൾ പഠിക്കുന്നു.

വിവിധ മേഖലകളിലെ സാമൂഹ്യപ്രവർത്തകരുടെ കർത്തവ്യങ്ങൾ മനസിലാക്കുന്നു.

വിവിധ മേഖലകളിലെ സാമൂഹ്യപ്രവർത്തന രീതികളുടെ പ്രയോഗം പരിചയപ്പെടുത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. മനുഷ്യന്റെ ചലനാരമകതയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവും വ്യത്യസ്തതരക്കാരായ വ്യക്തിളുമായി ചേർന്നു പ്രവർത്തിക്കാനാവശ്യമായ കഴിവുമുള്ള സാമൂഹ്യപ്രവർത്തകൻ വ്യവസായ മേഖലയിലെ ഒരു വലിയ സമ്പാദ്യമാണ്. പ്രസ്താവനയെ സാധൂകരിക്കുക.
2. ബഹുമുഖ വിദഗ്ധ സംഘത്തിലെ ഒരു അംഗമെന്ന നിലയിൽ മനോരോഗ വിദഗ്ധ സാമൂഹ്യപ്രവർത്തകന്റെ കർത്തവ്യങ്ങൾ വിശദീകരിക്കുക.
3. സ്കൂളുകളിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന ഏതെങ്കിലും രണ്ട് പ്രശ്നങ്ങൾ സൂചിപ്പിക്കുക. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യ പ്രവർത്തനത്തിന്റെ എതൊക്കെ രീതികളാണ് ഉപയോഗിക്കുവാൻ കഴിയുക?. വിശദമാക്കുക?
4. സാമൂഹ്യപ്രവർത്തകരുടെ വിവിധ ചുമതലകൾ താഴെ കൊടുത്തിരിക്കുന്നു . ഇതിൽ നിന്ന് അനുയോജ്യമായവ സാമൂഹ്യപ്രവർത്തന മേഖലകളുടെ കളങ്ങളിൽ എടുത്തെഴുതുക.

| കുടുംബം | ആശുപത്രി | വ്യവസായം | തിരുത്തൽ കേന്ദ്രം |
|---|---|---|---|
| | | | |

a. തൊഴിൽപരമായ ആരോഗ്യം

b. ജയിൽക്ഷേമ സേവനം

c. വിവാഹപൂർവ്വ കൗൺസലിംഗ്

d. പ്രൊബേഷൻ സേവനം

e. സാമൂഹ്യ ആരോഗ്യസേവനം

f. കുടുംബ കൗൺസലിംഗ് സേവനം

g. തൊഴിലാളിക്ഷേമം

h. ആരോഗ്യ-മനോരോഗ സാമൂഹ്യ പ്രവർത്തനം

5. പരിസറിതി സംരക്ഷണത്തിൽ സോഷ്യൽവർക്ക് തൊഴിലിന്റെ സാധ്യതകളെ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുക.
6. കുടുംബ കൗൺസലിംഗ് കേന്ദ്രങ്ങളിലെ സാമൂഹ്യപ്രവർത്തകരുടെ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുക.
7. ഒരു വൃദ്ധസദനം സന്ദർശിച്ച് അവിടുത്തെ അന്തേവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ പട്ടിക തയ്യാറാക്കുക. അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഒരു സാമൂഹ്യപ്രവർത്തകൻ എന്ന നിലയിൽ നിങ്ങൾ എങ്ങനെയൊക്കെ അവരെ സഹായിക്കും?
8. എന്താണ് പാർശ്വവത്കരണം? പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ഒരു സാമൂഹ്യപ്രവർത്തകന് എങ്ങനെയൊക്കെ സഹായിക്കുവാൻ കഴിയും?
9. 'മനുഷ്യ വിഭവങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള കാര്യക്ഷമതയില്ലായ്മ ധാരാളം രാജ്യങ്ങളുടെ വികസനത്തെ പിന്നോട്ട് വലിക്കുന്നു'. അഭിപ്രായം രേഖപ്പെടുത്തുക?